4. 1986-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (2-ാം ഭേദഗതി) ബിൽ

Minister for Fisheries (**Shri. A. L. Jacob**): Sir, I move that, the Kerala Marine Fishing Regulation (Second Amendment) Bill, 1986, as reported by the Subject Committee be taken into consideration.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, ഞാൻ പിൻതാങ്ങുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, സർ, "സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള സമുദ്രമൽസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണം" എന്ന എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ കടലോരങ്ങളിലും ഉൾനാടൻജലാശയങ്ങളിലും പരമ്പരാഗതമായി മൽസ്യബന്ധനം നടത്തി അതുകൊണ്ടുമാത്രം ജീവിതം കഴിച്ചുവന്നിരുന്ന തൊഴിലാളികളുടെ മോചനത്തിനുവേണ്ടി സുപ്രധാനങ്ങളായ രണ്ടു നിയമങ്ങൾ പാസ്സാക്കുന്നതിനുള്ള സന്ദർഭം ഈ സഭയ്ക്ക് ഉണ്ടായി. ആ രണ്ടു സുപ്രധാന നിയമങ്ങളും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ അധികാരത്തിലിരുന്ന അവസരത്തിലാണ് പാസ്സാക്കിയതെന്നുള്ളത് ഏറ്റവും ശ്രദ്ധേയമായ ഒരു കാര്യമായി ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. 590 കിലോമീറ്റർ കടലോരമുള്ള കേരളത്തിൽ 3.5 ലക്ഷത്തോളം ആളുകൾ മൽസ്യബന്ധനമേഖലയുമായി ബന്ധപ്പെട്ടുകഴിയുകയാണ്. ഇത് കേരളത്തിലെ ജനസംഖ്യയുടെ മൂന്നുശതമാനമാണ്. കടലോരമേഖലയിൽ 1,36,594-ഉം ഉൾനാടൻ ജലാശയമേഖലയിൽ 44,024-ഉം ആക്ടിംഗ് ഫിഷർമെൻ ഉണ്ടെന്നാണ് ഗ്രാമസംഘങ്ങൾ മുഖേന ഗവൺമെന്റ് തന്നെ എടുത്തിട്ടുള്ള കണക്കുകളിൽനിന്നും വ്യക്തമാകുന്നത്. അങ്ങനെ കേരളത്തിൽ 1,80,618 മൽസ്യബന്ധനത്തൊഴിലാളികളുണ്ട്. അതുതന്നെ എടുത്തുനോക്കിയാൽ ആ തൊഴിലാളികളെമാത്രം ആശ്രയിച്ച് മറ്റ് എട്ടുലക്ഷത്തോളം ആളുകൾ കേരളത്തിൽ ഈ മേഖലയുമായി ബന്ധപ്പെട്ട് കഴിയുന്നുണ്ടെന്നു കാണാൻ കഴിയും. കേരളത്തിലെ മൽസ്യത്തൊഴിലാളികളിൽ 50 ശതമാനത്തോളം കുടുംബങ്ങളുടെയും പ്രതിശീർഷവരുമാനം ആയിരം രൂപയ്ക്ക് താഴെയാണെന്നാണ് 1979-ൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റു നടത്തിയ സർവ്വേയിൽ കാണുന്നത്. വെറും 4 ശതമാനം തൊഴിലാളികൾമാത്രമാണ് മൂവായിരം രൂപയ്ക്ക് മുകളിൽ വാർഷികവരുമാനമുള്ളവരായി കണ്ടത്. എന്നു പറഞ്ഞാൽ ഉൾനാടൻ മേഖലയിലായിരുന്നാലും കടലോര മേഖലയിലായിരുന്നാലും മൽസ്യബന്ധനവുമായി കഴിയുന്ന കുടുംബങ്ങളിൽ 96 ശതമാനത്തോളം കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവരെന്നാണ് സംസ്ഥാന ഗവൺമെന്റ് നടത്തിയ സർവ്വേയിൽ വ്യക്തമാക്കപ്പെട്ടത്. ആ പശ്ചാത്തലത്തിലാണ് ഇടതുപക്ഷമുന്നണി ഗവൺമെന്റ് നൂറാണ്ടുകളായി, തലമുറകളായി അടിമത്തത്തിലും ചൂഷണത്തിലും ആണ്ടുകിടന്നിരുന്ന, ഈ കായലോരങ്ങളിലും കടലോരങ്ങളിലും മൽസ്യബന്ധനം നടത്തി വിഭ്യാഭ്യാസപരമായും സാമൂഹ്യപരമായും സാംസ്ക്കാരികമായും ഏറ്റവും പിന്നോക്കം കിടന്നിരുന്ന ഈ വിഭാഗത്തെ അടിമത്തത്തിന്റെ ചങ്ങല പൊട്ടിച്ചെറിഞ്ഞ് എങ്ങനെ ഉയർത്തിക്കൊണ്ടുവരാൻകഴിയുമെന്നാലോചിച്ചതിന്റെ ഫലമായിട്ടാണ് സുപ്രധാനങ്ങളായ രണ്ടു നിയമങ്ങൾ ഈ നിയമ

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ പാസ്സാക്കിയത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട നിയമമായിരുന്നു മൽസ്യബന്ധന നിയന്ത്രണ നിരോധന നിയമം. എന്താണ് ആ നിയമം പാസ്സാക്കാൻ ഇടതുപക്ഷ മുന്നണി ഗവൺമെൻറിനെ പ്രേരിപ്പിച്ചത്? നമ്മുടെ കേരളത്തിൽ ഈ ബില്ലിന് ഉപോൽബലകമായി ഈ നിയമസഭാ സെക്രട്ടേറിയറ്റ്തന്നെ തയ്യാറാക്കിയ ബ്രേക്ക് മെറിറിയൽസ് ഉണ്ട്. അത് ഫിഷറീസ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർതന്നെ തയ്യാറാക്കിയ രേഖയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് എടുത്തുനോക്കിയാൽ 1970 മുതൽ നമ്മുടെ മൽസ്യ സമ്പത്തിന്റെ ഉൽപ്പാദനത്തിൽ ക്രമാനുഗതമായി വലിയ കുറവാണ് നേരിട്ടിട്ടുള്ളതെന്ന് കാണാൻ കഴിയും. 1969–71–ൽ പരമ്പരാഗത മേഖലയിൽമാത്രം നാടൻ വള്ളങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾ അവരുടെ കട്ടമരങ്ങളും കൊച്ചുവള്ളങ്ങളും തങ്ങുവലയും ഉപയോഗപ്പെടുത്തിക്കൊണ്ട് മൂന്നുലക്ഷത്തി മുപ്പത്തയ്യായിരം ടൺ മൽസ്യം പിടിച്ചുവെന്നാണ് ഈ രേഖയിൽത്തന്നെ പറയുന്നത്. എന്നാൽ 1980–82 ആയപ്പോൾ ഈ മേഖലയിലുള്ള ഉൽപ്പാദനം ഒരുലക്ഷത്തി അറുപത്തേഴായിരം ടണ്ണായി കുറഞ്ഞു. ഈ 13 വർഷത്തിനിടയിൽ നാടൻ വള്ളങ്ങളിലും ഉൾനാടൻജലാശയങ്ങളിലും മീൻ പിടിക്കുന്നവരുടെ എണ്ണവും അവരുടെ ഉപകരണങ്ങളും എണ്ണവും വർദ്ധിച്ചു. ആ തൊഴിലാളികളുടെ എണ്ണവും അവരുടെ ഉപകരണങ്ങളുടെ എണ്ണവും വർദ്ധിച്ചുവെങ്കിലും അതിനനുസരണമായി ഈ മേഖലയിലുള്ള ഉൽപ്പാദനം വർദ്ധിച്ചില്ല. അതേസമയം 1969–70 കാലയളവിലുണ്ടായിരുന്നതിനേക്കാൾ പകുതിയായി ഉൽപ്പാദനം കുറഞ്ഞു. 1973–ൽ മാത്രമാണ് കേരളത്തിൽ ഏറ്റവും കൂടുതൽ മൽസ്യ ഉൽപ്പാദനം നടന്നത്. 4.48 ലക്ഷം ടൺ മൽസ്യമാണ് അന്ന് കേരളത്തിൽ ഉൽപ്പാദിപ്പിച്ചത്. ആ 1973–ൽ നാടൻ വള്ളങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് 3.58 ലക്ഷം ടൺ മൽസ്യം ആ വർഷം പിടിച്ചു. അന്ന് ട്രോളിംഗ് ബോട്ടുകളുപയോഗിച്ചും മറ്റ് യന്ത്രവൽകൃത ബോട്ടുകളുപയോഗിച്ചും ആകെ പിടിച്ചത് വെറും 90,000 ടൺ മൽസ്യം മാത്രമാണ്. 1983 ആയപ്പോൾ, പത്തുവർഷം കഴിഞ്ഞപ്പോൾ നമ്മുടെ ടോട്ടൽ പ്രൊഡക്ഷൻ 2.8 ലക്ഷം ടണ്ണായി കുറഞ്ഞു. 4.48 ലക്ഷം ടണ്ണിൽനിന്ന് 2.8 ലക്ഷം ടണ്ണായി. കാരണം അതിൽ ഇപ്പരമ്പരാഗതമേഖലയ്ക്ക് സംഭാവന ചെയ്യാൻ കഴിഞ്ഞത് വെറും 1.15 ലക്ഷം ടണ്ണായിരുന്നു. 1973–ൽ 3.58 ലക്ഷം ടൺ മൽസ്യം പിടിച്ച കേരളത്തിൽ പരമ്പരാഗതമേഖലയിൽ പിടിക്കാൻകഴിഞ്ഞത് വെറും 1.15 ലക്ഷം ടൺ മൽസ്യം മാത്രമാണ്. സമുദ്രോൽപ്പന്നങ്ങൾ വിദേശത്തേയ്ക്ക് കയറ്റി അയക്കുന്നതിന്റെ ഫലമായി കോടിക്കണക്കിനു രൂപയുടെ വിദേശനാണ്യം നേടിത്തരുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇതിൽ പ്രധാനമായും നാം ചെമ്മീനാണ് കയറ്റുമതി ചെയ്യുന്നത്. 1973–ൽ 85,000 ടൺ ചെമ്മീനാണ് നാം പിടിച്ചത്. 85,000 ടൺ ചെമ്മീൻ പിടിച്ച കേരളത്തിൽ 1975 ആയപ്പോൾ 27,000 ടൺ ആയി കുറഞ്ഞിരിക്കുന്നു. ഈ കടിഞ്ഞ പത്തു വർഷമായി ഇയിനത്തിൽ എത്രയോ കോടി രൂപ നമുക്ക് നഷ്ടപ്പെടുകയാണ്. ഞാൻ ഓർക്കുന്നു. 1973–ൽ ഒരു കിലോ ചെമ്മീനിന് മൂന്നു രൂപയായിരുന്നു വില. 1978–ൽ ഒരു കിലോ ചെമ്മീനിന് മൂന്നുരൂപയായിരുന്നുവിലയെങ്കിൽ 1985–ൽ ഒരു കിലോ ചെമ്മീനിന് 24 രൂപയായി വർദ്ധിച്ചു. എട്ടിരട്ടിയാണ് വർദ്ധനവ് ഉണ്ടായിട്ടുള്ളത്. 1973–ൽ 85,000 ടൺ ചെമ്മീൻ പിടിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ അത്രയും ചെമ്മീൻ 1985–ൽ പിടിക്കാൻ കഴിഞ്ഞാൽ എത്രയോ കോടി രൂപയുടെ വർദ്ധനവ്, ഇന്ന് ഈ സംസ്ഥാനം നേടിയെടുക്കുന്നതിനേക്കാൾ എത്രയോയിരട്ടി വിദേശനാണ്യം ഇയിനത്തിൽ നമ്മുടെ സംസ്ഥാനത്തിന് നേടിയെടുക്കുവാൻ കഴിയുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. എ. മജീദ്]

ആ കാലയളവിൽ നമ്മുടെ കേരളത്തിൽ 100-ൽപ്പരം ഫ്രീസിംഗ് പ്ലാൻറുകളും, ഒട്ടനവധി ഐസ് പ്ലാൻറുകളും തുടങ്ങിയവ കേരളത്തിൽ പ്രവർത്തിച്ചിരുന്നു. ചെമ്മീൻ പൊളിക്കുന്ന തൊഴിലാളികളും, മറ്റ് മേഖലയിൽ ബന്ധപ്പെട്ട ലക്ഷക്കണക്കിന് തൊഴിലാളികളും ഇവിടെ പണിയെടുത്തിരുന്നു. കൊച്ചിൻ മേഖല സമുദ്രോൽപ്പന്നങ്ങളുടെ പ്രധാന കേന്ദ്രമായിരുന്നുവെങ്കിൽ ഇന്ന് ആ ഫാക്ടറികളെല്ലാം അടഞ്ഞു കിടക്കുകയാണ്. ഒന്നോ, രണ്ടോ ഫാക്ടറികളും മാത്രമാണ് നാമമാത്രമായി പ്രവർത്തിക്കുന്നത്. മംഗലാപുരത്തുനിന്നും, തമിഴ്നാട്ടിൽനിന്നും ചെമ്മീൻ കൊണ്ടു വന്നാണ് ഈ ഫാക്ടറികളെല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്താണ് സർ, ഇതിന് കാരണം? ഈ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വരുമാനം പത്തിലൊന്നായി കുറയുകയും, ചെമ്മീൻ പിടിക്കാൻ ഉപയോഗിച്ചിരുന്ന നാടൻ വള്ളം അപ്രത്യക്ഷമായിരിക്കുകയും ചെയ്ത ഈ സന്ദർഭത്തിൽ കേരളത്തിലെ മൽസ്യ ബന്ധനമേഖല തന്നെ സ്തംഭനാവസ്ഥയിലേക്ക് പോകുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. ഈ മേഖലയെ സംബന്ധിച്ച് തൊഴിലാളികൾക്കും, ശാസ്ത്രജ്ഞൻമാർക്കും ഒരേ അഭിപ്രായമാണുള്ളത്. അമിതമായ മൽസ്യ ബന്ധനത്തിൻറെ ഫലമായും, ട്രോളിംഗ് ബോട്ടുകളുടേയും, യന്ത്രവൽകൃത ബോട്ടുകളുടേയും പ്രവർത്തന ഫലമായും നമ്മുടെ കടലിലെ മൽസ്യ കുഞ്ഞുങ്ങളുടെയും മൽസ്യ സമ്പത്തിൻറെയും തന്നെ വംശനാശമുണ്ടാകുന്നുവെന്ന് തന്നെയാണ് മനസ്സിലാക്കാൻ കഴിയുന്നത്. കേരളത്തിൽ ആദ്യമായി ട്രോളിംഗ് ബോട്ട് കൊണ്ടുവന്നത് നോർവെയിൽ നിന്നാണ്. ഇൻഡോ നോർവീജിയൻ പ്രോജക്ടിൻറെ ഫലമായിട്ടാണ് കേരളത്തിൽ ട്രോളിംഗ് ബോട്ടും, പേഴ്സീൻ ബോട്ടും നടപ്പിലാക്കിയത്. ആദ്യമായി ട്രോളിംഗ് ഏർപ്പെടുത്തിയത് നോർവെയിൽ ആണെങ്കിലും, 1979-ൽ അവിടത്തെ ചെമ്മീൻ തുടങ്ങിയ മൽസ്യ സമ്പത്തിൻറെ ഉൽപ്പാദനം കുറയുകയും, അവിടെ നാടൻ വള്ളങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളും, യന്ത്രവൽകൃത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളും തമ്മിൽ സംഘട്ടനമുണ്ടായതിൻറെ ഫലമായി 1979-ൽ നോർവെയിൽ ട്രോളിംഗ് എന്നന്നേക്കുമായി അവസാനിപ്പിച്ചിരിക്കുകയാണ്. നോർവെയിൽ ഒരു കാരണവശാലും ട്രോളിംഗ് ബോട്ട് ഇറക്കാൻ പാടില്ലെന്ന് ലോകത്തിൽ ആദ്യമായി ട്രോളിംഗ് ഏർപ്പെടുത്തിയ നോർവെ ഒരു നിയമം കൊണ്ടുവന്നിരിക്കുകയാണ്. 1981-ൽ ഫിലിപ്പൈൻസിലെയും, ഇൻഡോനേഷ്യയിലെയും മൽസ്യ സമ്പത്ത് ട്രോളിംഗിൻറെ ഫലമായി കുറയുന്നതിൻറെ അടിസ്ഥാനത്തിൽ ആ രാജ്യങ്ങളിലും ട്രോളിംഗ് ബാൻ ചെയ്തുകൊണ്ടുള്ള നിയമങ്ങൾ നടപ്പിലാക്കി. ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളും മൽസ്യ സമ്പത്ത് സംരക്ഷിക്കാനുവേണ്ടി തീഷ്ണമായ ഒരു സമരവുമായി ഈ രംഗത്ത് വരാനിടയായത്. അതുമൂലം സ്വന്തമായി നാടൻ വള്ളങ്ങളിൽ പണിയെടുത്തുകൊണ്ടിരുന്ന തൊഴിലാളികളുടെ ഉൽപ്പാദനം കുറയുകയും, ഈ കടൽ മേഖലയിലെ മൽസ്യ സമ്പത്ത് കുറയുകയും ചെയ്തതിൻറെ ഫലമായി ചില നിയന്ത്രണങ്ങളും, ചില നിരോധനങ്ങളും കേരളത്തിൽ അനിവാര്യമാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളികൾ രംഗത്ത് വരികയുണ്ടായി. ആ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറ് ഇൻഡ്യയിൽ ആദ്യമായി, കേരളത്തിൽ ഏറ്റവും സുപ്രധാനമായ ഒരു നിയമം കൊണ്ടുവന്നു. മൽസ്യ ബന്ധന

LIBRARY ARCHIVES Kerala Legislative Assembly

രംഗത്ത് ചില നിയന്ത്രണങ്ങളും, നിരോധനങ്ങളും ഏർപ്പെടുത്താൻ വേണ്ടി ഒരു സംസ്ഥാന ഗവൺമെൻറിന് അധികാരം കൊടുക്കുന്ന ആദ്യത്തെ നിയമമാണ് കേരളത്തിൽ 1980–ൽ പാസ്സാക്കിയത്. കടലോര പ്രദേശങ്ങളിലായിരുന്നാലും, കായൽ പ്രദേശങ്ങളിലായിരുന്നാലും മൽസ്യ ബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് വേണ്ടി കൊണ്ടുവന്ന ഏറ്റവും സുപ്രധാനമായ ഒരു നിയമമായിട്ടാണ് ഞാൻ ആ നിയമത്തെ കാണുന്നത്. ആ നിലയിൽ മൽസ്യബന്ധന രംഗത്ത് ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നു. നിരോധനങ്ങൾ ഏർപ്പെടുത്തി നമ്മുടെ കടലിലെ മൽസ്യ സമ്പത്ത് സംരക്ഷിക്കുക എന്ന തീവ്രമായ ആഗ്രഹമായിരുന്നു ആ നിയമത്തിലുണ്ടായിരുന്നത്. ആ ഗവൺമെൻറ് പോയതിനുശേഷം ആ നിയമത്തെ ആകെ തകിടം മറിക്കുന്ന രീതിയിലുള്ള നടപടികളാണ് നിർഭാഗ്യവശാൽ ഇന്ന് ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിട്ടുള്ള ഗവൺമെൻറ് ചെയ്തുകൊണ്ടിരിക്കുന്നത്. സർ, ആ നിയമത്തിൽ 22 കിലോമീറ്റർ വരെ പേഴ്സീൻ ബോട്ട് ഇറക്കാൻ പാടില്ല എന്ന വ്യവസ്ഥ കൊണ്ടുവന്നു. അതുപോലെതന്നെ 10 കിലോമീറ്റർ വരെ ട്രോളിംഗ് ബോട്ട് പ്രവർത്തിക്കാൻ പാടില്ലെന്ന നിയമ വ്യവസ്ഥയും കൊണ്ടുവന്നു. ഇന്ന് ആ നിയമങ്ങളെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് നമ്മുടെ കടലിലെ മൽസ്യ സമ്പത്തിന് തന്നെ വംശനാശമുണ്ടാകത്തക്കനിലയിൽ ഈ ട്രോളിംഗ് ബോട്ടുകളും, പേഴ്സീൻ ബോട്ടുകളും പ്രവർത്തിക്കാനുള്ള അവസരം കൊടുത്തുകൊണ്ടുള്ള നടപടിയുമായിട്ടാണ് ഈ ഗവൺമെൻറ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. ഇവിടെ ഈ പേഴ്സീൻ ബോട്ടിനെ സംബന്ധിച്ച് രേഖയിൽ പറയുന്നുണ്ട്. 1975–ലാണ് ആദ്യമായി കർണ്ണാടകയിലും, ഗോവയിലും പേഴ്സീൻ ബോട്ട് ഇറക്കിയത്. 1975 മുതൽ 1980 വരെയുള്ള കാലയളവിൽ കർണ്ണാടകയിലും, ഗോവയിലും മത്തിയുടേയും അയലയുടേയും ഉൽപ്പാദനം കുറഞ്ഞു. പ്രധാനമായും മത്തിയും അയലയുമാണ് ഈ പേഴ്സീൻ ബോട്ട് ഉപയോഗിച്ച് പിടിച്ചുകൊണ്ടിരുന്നത്. നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന അയലയുടെയും മത്തിയുടെയും ഒരു നല്ല ഭാഗം കർണ്ണാടകയിൽനിന്നാണെന്നാണ് ഈ രേഖയിൽ തന്നെ പറഞ്ഞിരിക്കുന്നത്. അവിടെ പേഴ്സീൻ ബോട്ട് ഇറക്കിയതിനു ശേഷം നാലഞ്ചു കൊല്ലം കഴിഞ്ഞപ്പോഴേക്കും ആ സംസ്ഥാനത്ത് മത്തിയുടേയും അയലയുടേയും ഉൽപ്പാദനം കുറഞ്ഞു. കർണ്ണാടക മന്ത്രി തന്നെ പറഞ്ഞിരിക്കുന്നത് Subsequently the Honourable Minister of Fisheries of the Government of Karnataka made an appeal to the purse-seine fishermen to abstain from fishing from the first week of June to the last week of September 1979 എന്നാണ്. ആധുനികമായി പേഴ്സീൻ ബോട്ട് കൊണ്ടു വന്ന കർണ്ണാടകയിൽ പോലും നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ അവിടത്തെ ഗവൺമെൻറ് തയ്യാറായി. അവിടെ ഉൽപ്പാദനം കുറഞ്ഞുവന്നപ്പോഴാണ് പേഴ്സീൻ ബോട്ട് കേരളത്തിലേയ്ക്ക് കടന്നു വന്നു. കേരളത്തിൽ പേഴ്സീൻ ബോട്ടുകൾ കടന്നുവന്നത് 1980–ലാണ്. കർണ്ണാടകയിലെയും, ഗോവയിലെയും കടലോരങ്ങളിലുള്ള പാരമ്പരാഗത തൊഴിലാളികളെ പേഴ്സീൻ ബോട്ടുകൾ മൂരവ്യാപകമായി ബാധിക്കുന്നുവെന്ന് കണക്കിലെടുത്തുകൊണ്ടാണ് 22 കിലോമീറ്റർ വരെ ടെറിറ്റോറിയൽ വാട്ടർ സെക്ടറിൽ ഇത് പ്രവർത്തിക്കാൻ പാടില്ല എന്ന വ്യവസ്ഥ കൊണ്ടു വന്നത്. 22 കിലോമീറ്ററിനു വെളിയിലുള്ളത് കേന്ദ്ര ഗവൺമെൻറാണ് ചെയ്യേണ്ടത്. ആ ഗവൺമെൻറ്.....

.....

ശ്രീ. വി. ദിനകരൻ: 1980–ലാണ് പേഴ്സീൻ ബോട്ട് കേരളത്തിൽ ഉപയോഗിക്കാൻ തുടങ്ങിയതെന്ന് ബഹുമാനപ്പെട്ട മെമ്പർ തന്നെ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ അന്നത്തെ വകുപ്പുമന്ത്രിയായിരുന്ന ശ്രീനിവാസന്റെ ചേട്ടന്റെ മകൻ രഘു കേരളത്തിലെ പേഴ്സീൻ ബോട്ടുടമകളുടെ പ്രസിഡന്റായി പ്രവർത്തിച്ചിരുന്നുവെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. വി. താമരാക്ഷൻ: 1979–80–ലാണ് ഈ പേഴ്സീൻ ബോട്ട് വന്നത്. താനുവരെ ഈ സംസ്ഥാനത്ത് ഒരു നിയന്ത്രണവുമില്ലായിരുന്നു. ഈ ബോട്ടുകളെ നിരോധിക്കാൻ യാതൊരു നിയമവും കേരളത്തിൽ ഉണ്ടായിരുന്നില്ല. അതിന്റെ മറവിലാണ് ആ കാലയളവിൽ ബോട്ടു വന്നത്. വന്നു കഴിഞ്ഞപ്പോൾ 1980–ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പേഴ്സീൻ ബോട്ട് നിയന്ത്രിക്കാൻ വേണ്ടി സുപ്രധാനമായ ഒരു നിയമം കൊണ്ടുവന്നു. അതിന്റെ അടിസ്ഥാനത്തിൽ 22 കിലോമീറ്റർ വരെ ഈ ടെറിറ്റോറിയൽ വാട്ടർ സെക്ടറിൽ പെഴ്സീൻ ബോട്ട് പ്രവർത്തിക്കാൻ പാടില്ല എന്ന നിയമം കൊണ്ടുവരികയുണ്ടായി. 22 കിലോമീറ്ററിനപ്പുറമുള്ള പ്രദേശം കേന്ദ്രഗവൺമെന്റിന്റെ കീഴിലാണ്. കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള പ്രദേശത്ത കേന്ദ്ര ഗവൺമെന്റ് ബാൻ ചെയ്യണമെന്ന് ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ആവശ്യപ്പെടുകയും ചെയ്തു. പി. എസ്. ശ്രീനിവാസൻ തന്നെയാണ് ആ നിയമം കൊണ്ടുവന്നത്. ആ നിലയിൽ 22 കിലോമീറ്റർ വരെ മൽസ്യബന്ധനം പാടില്ലെന്നാണ് നിയമം. കേരളത്തിലെ കടലോര പ്രദേശങ്ങളിലെ വള്ളങ്ങളിൽ കൂടുതലായി കിട്ടുന്നത് മത്തിയും, അയലയുമാണ്. ഫിഷറിസ് ഡിപ്പാർട്ടുമെന്റിന്റെ കണക്കനുസരിച്ച് ഒരു തൊഴിലാളിക്ക് ഒരാണ്ടിൽ 1.07 ടൺ മൽസ്യം പിടിക്കാൻ കഴിയുമെന്നാണ്. അതേ സമയം കർണ്ണാടകയിൽ അത് 3.54 ടൺ ആണ്. കർണ്ണാടകയിലെ കടലോരത്ത് ലഭ്യമായ മത്തിയുടെയും, അയലയുടെയും കണക്കെടുക്കുമ്പോൾ അതിന്റെ മൂന്നിലൊന്ന് മാത്രമാണ് നമ്മുടെ കേരളത്തിലെ വിഭവശേഷി. അതായത് 1.78 ടൺ മാത്രമാണ്. അങ്ങനെയുള്ള ഈ സംസ്ഥാനത്ത് പേഴ്സീൻ ബോട്ട് വന്നുകഴിഞ്ഞാൽ ഈ കടലോരങ്ങളിൽ, നാടൻ വള്ളങ്ങളിൽ പണിയെടുത്തു കഴിയുന്ന തൊഴിലാളികളെ പട്ടിണികൊണ്ടു മരിക്കാൻ ഇടയാകും. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടാണ് ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ആ നിയമം പാസ്സാക്കിയത്. ആ നിയമം പാസ്സാക്കി കഴിഞ്ഞപ്പോൾ 22 കിലോമീറ്റർ വരെ പേഴ്സീൻ ബോട്ട് പ്രവർത്തിക്കാൻ പാടില്ലെന്ന് പറഞ്ഞു. എന്നാൽ ആ നിയമത്തിനെതിരായി ബോട്ടുടമകൾ ഹൈക്കോടതിയിൽ പോയി. അപ്പോൾ ഹൈക്കോടതി ആ നിയമം റദ്ദു ചെയ്തു.

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, സുപ്രീംകോടതിയിൽ അപ്പീൽ ഫയൽചെയ്യാൻ പോയിട്ടുണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ: സർ, അതിന് മുൻപായി കേന്ദ്രഗവൺമെന്റ് എല്ലാ സംസ്ഥാനങ്ങൾക്കും പത്ത് കിലോമീറ്ററായി ഇതിന്റെ ലിമിറ്റ് വയ്ക്കണമെന്ന് പറഞ്ഞ് നിർദ്ദേശം കൊടുത്തതായി ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. വി. താമരാക്ഷൻ: അത് ട്രോളിംഗ് ബോട്ടിനെ സംബന്ധിച്ചാണ്. ഹൈക്കോടതിയിൽ അപ്പീൽ പോയി. 22 കിലോമീറ്റർ വരെ പേഴ്സീൻബോട്ട് ബാൻ ചെയ്യേണ്ടതിന്റെ ആവശ്യകത കോടതിയെ ബോദ്ധ്യപ്പെടുത്താൻ ഗവൺമെന്റിനുവേണ്ടി ഹാജരായ വക്കീലൻമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞില്ല. ജഡ്ജ്മെന്റിൽ വളരെ ക്ലിയറായിട്ട് പറയുന്നുണ്ട്: തമിഴ്നാട് ഗവൺമെന്റും ഇതുപോലെ ഒരു നിയമം കൊണ്ടുവന്നു. ആ നിയമം സുപ്രീം കോടതിയിൽ ചോദ്യം ചെയ്തു.

The validity of the Tamil Nadu Marine Fishing Regulation Act, 1983 was challenged in the Supreme Court, but the Court held that the state legislature was competent to enact fishing regulations in the territorial waters

സുപ്രീം കോടതി പറയുന്നു, ടെറിട്ടോറിയൽ വാട്ടറിൽ 22 കിലോമീറ്റർ വരെ സംസ്ഥാന നിയമസഭയ്ക്ക് നിയമം പാസ്സാക്കാൻ അധികാരമുണ്ട് എന്ന്. 1984-ൽ ആണ് ഹൈക്കോടതി ആ നിയമം റദ്ദുചെയ്യുന്നത്. 1984-ൽ ഹൈക്കോടതി റദ്ദുചെയ്തിട്ട് അപ്പീൽ പോകാൻ തയ്യാറായതു തന്നെ ഇപ്പോഴാണ്.

ശ്രീ. വി. ദിനകരൻ: സർ, 22 കിലോമീറ്ററായി ചുരുക്കിക്കൊണ്ടുള്ള വിധിപ്രഖ്യാപനം വന്നുവെന്ന് പറഞ്ഞു. ആ വിധി പ്രഖ്യാപിച്ചത് നിങ്ങൾ എവരും ആരാധിക്കുന്ന സുബ്രഹ്മണ്യം പോറ്റിയാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ഏ. വി. താമരാക്ഷൻ: സർ, ഏറ്റവും അവസാനമായി ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചാണ് പറഞ്ഞിരിക്കുന്നത്. ഹൈക്കോടതി പറയുന്നത് എന്താണെന്ന് അറിയാമോ? 22 കിലോമീറ്ററായി ബാൻ ചെയ്യുന്നതിന് എന്താണ് കാരണം. അതിന് ആധികാരികമായി വസ്തുതകൾ കോടതിയിൽ ഹാജരാക്കാൻ അവർ തയ്യാറായില്ല. കോടതിയിൽ പോകാൻ പോലും കക്ഷികൾ തയ്യാറായില്ല. അതിന്റെ ഫലമായി 1984-ൽ The Kerala High Court, in its judgment delivered on the 27th September 1984, upheld the validity of the Kerala Marine Fishing Regulation Act, 1980 (Act 10 of 1981), but struck down the six notifications issued in G.O. No. 143 and 144 dated 29-11-1980 and G. O. Nos. 156, 157, 158 and 159 dated 29-12-1980 prohibiting the use of purseseine, ring seine, pelagic trawl and midwater trawl within the territorial waters, അങ്ങനെ ആ നോട്ടിഫിക്കേഷൻ റദ്ദുചെയ്തിട്ട് അപ്പീൽ പോകാൻ മൂന്നു വർഷമാണ് കരുണാകരന്റെ ഗവൺമെന്റ് എടുത്തത്. തമിഴ്നാട് ഗവൺമെന്റ് ആ ആക്ടിനെ സംബന്ധിച്ച് സുപ്രീം കോടതിയിൽ പോയപ്പോൾ സംസ്ഥാന ലെജിസ്ലേച്ചറിന് മറൈൻ രംഗത്ത് നിയമം പാസ്സാക്കാൻ പൂർണ്ണ അധികാരമുണ്ട് എന്ന് സുപ്രീം കോടതി ജഡ്ജ്മെന്റ് ഉണ്ടായി. ഇവിടെ ആ കേസിന് അപ്പീൽ പോകാൻ പോലും കരുണാകരൻ ഗവൺമെന്റ് തയ്യാറായില്ല. പേഴ്സീൻ ബോട്ടുടമകൾക്കു വേണ്ടി പരമ്പരാഗത മൽസ്യത്തൊഴിലാളികളെ കൊലയ്ക്ക് കൊടുക്കുന്ന നടപടിയാണ് കരുണാകരൻ ഗവൺമെന്റ് ആ രംഗത്ത് സ്വീകരിച്ചത്.

ശ്രീ. വി. ദിനകരൻ: സുബ്രഹ്മണ്യം പോറ്റിയുടെ വിധിന്യായത്തിൽ പറഞ്ഞിരിക്കുന്നത് കോടതിയെ ശരിയാംവിധം ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞില്ല എന്നാണ്. മൽസ്യത്തൊഴിലാളികൾ കോടതിക്കകത്ത്

LIBRARY ARCHIVES Kerala Legislative Assembly

കയറി മുദ്രാവാക്യം വിളിച്ച്, ഹൈക്കോടതിയുടെ ചീഫ് ജസ്റ്റീസിനെ തന്നെ നേരിട്ട് ബോദ്ധ്യപ്പെടുത്തിയിട്ട് പോലും ഏകപക്ഷീയമായി കേരളത്തിലെ പേഴ്സീൻ ബോട്ടുടമകളുടെ ചട്ടുകമായി കോടതി പ്രവർത്തിച്ചതുകൊണ്ടല്ലേ അത്തരത്തിൽ ഒരു വിധിന്യായം ഉണ്ടായത്.

ശ്രീ. ഏ. വി. താമരാക്ഷൻ: അന്ന് ഈ നിയമത്തെ ഹൈക്കോടതി ചോദ്യം ചെയ്തപ്പോൾ ഗവൺമെന്റ് അപ്പീലിന് പോയില്ല, വക്കീലൻമാർ പോയില്ല. തൊഴിലാളികളെ നേരിട്ട് പോകേണ്ടിവന്നു. എന്നിട്ടും കോടതിയെ ബോദ്ധ്യപ്പെടുത്തേണ്ട രീതിയിൽ ബോദ്ധ്യപ്പെടുത്താത്തുകൊണ്ടാണ് അങ്ങനെയുണ്ടായത്. സംസ്ഥാന ഗവൺമെന്റ് പേഴ്സീൻ ബോട്ട് ബാൻ ചെയ്യുന്നകാര്യത്തെപ്പറ്റിയുള്ള വസ്തുതകൾ ചൂണ്ടിക്കാണിച്ചില്ല എന്നു ജഡ്ജ്മെൻറിൽ പറയുന്നുണ്ട്. ആ നിലയിലാണ് ജഡ്ജ്മെൻറ് പോലും. കേരളത്തിൽ മൽസ്യം സംരക്ഷിക്കണമെന്നുള്ള അടിസ്ഥാനത്തിലാണ് ഇടതുപക്ഷമുന്നണി ഗവൺമെൻറ് ഏറ്റവും സുപ്രധാനമായി മൽസ്യമേഖല രക്ഷിക്കാനും, തൊഴിലാളികളെ രക്ഷിക്കാനും വേണ്ടി സുപ്രധാനമായ ഈ നിയമം നടപ്പിലാക്കാൻ വന്നത്. എന്നാൽ ആ നിയമത്തിന് വിരുദ്ധമായി നമ്മുടെ സമ്പത്ത് നശിപ്പിക്കുന്നതിനുള്ള നടപടികളാണ് നിർഭാഗ്യവശാൽ കരുണാകരന്റെ ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ നാലര വർഷക്കാലം ഈ ഗവൺമെൻറിന്റെ നേതൃത്വമെടുത്തു നോക്കിയാൽ പാരമ്പരാഗതമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന, ഹരിജനങ്ങളേക്കാൾ പിന്നോക്കം നിൽക്കുന്ന തൊഴിലാളികൾക്ക് ഏറ്റവും വലിയ കോടാലിയായാണ് കരുണാകരൻ ഗവൺമെൻറ് പ്രവർത്തിക്കുന്നത് എന്നു കാണാം.

1980-ൽ മറ്റൊരു നിയമം പാസ്സാക്കി. അതാണ് മൽസ്യത്തൊഴിലാളി ഗ്രാമസംഘം ബിൽ. ആ നിയമം കേരളത്തിന്റെ കടലോരങ്ങളിലും കായലോരങ്ങളിലും 400 ഗ്രാമസംഘങ്ങൾ ഉണ്ടാക്കാനും ആ ഗ്രാമസംഘങ്ങളിലൂടെ മൂന്നുകൊല്ലംകൊണ്ട് 70 കോടി രൂപ ചെലവഴിച്ച് മൽസ്യത്തൊഴിലാളികളെ രക്ഷിക്കാനും വേണ്ടിയുള്ള നിയമമായിരുന്നു. ആ നിയമം ഇടതുപക്ഷമുന്നണി ഗവൺമെൻറ് പാസ്സാക്കുമ്പോൾ 1981-ൽ ആ ഗവൺമെൻറ് രാജിവച്ചുപോയി. അന്ന് കടലോരഗ്രാമങ്ങളിൽ 221 ഗ്രാമസംഘങ്ങൾ രൂപീകരിച്ച് അതിൽ 41 സംഘത്തിലേക്കും ഇലക്ഷനുവേണ്ടി നോട്ടിഫിക്കേഷൻ വരെ നടത്തിയതാണ്. ആ ഗ്രാമസംഘങ്ങൾ കേരളത്തിൽ ഉണ്ടോ? ഇന്ന് കരുണാകരൻ ഗവൺമെൻറ് പറയുന്നത് 15 ഗ്രാമസംഘങ്ങൾ—5 എണ്ണം കണ്ണൂരും, 5 എണ്ണം എറണാകുളത്തും, 5 എണ്ണം തിരുവനന്തപുരത്തും—മൽസ്യഫെഡ്ഡിന്റെ സഹായത്തോടുകൂടി ആരംഭിച്ചിട്ടുണ്ട് എന്നാണ്. ഉൾനാടൻ ജലാശയങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുവേണ്ടിയുള്ള 130-ൽപ്പരം ഗ്രാമസംഘങ്ങൾ ഇന്നുവരെ വെളിച്ചം കണ്ടിട്ടില്ല.

ശ്രീ. എം. കെ. കേശവൻ: മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ ഉണ്ടാക്കണമെന്ന് പ്രഖ്യാപിച്ച അവസരത്തിൽ കോട്ടയം ജില്ലയിൽ മൽസ്യത്തൊഴിലാളികളും മൽസ്യവും ഇല്ലാത്ത തിരുവഞ്ചൂരിലാണ് ആദ്യത്തെ മൽസ്യത്തൊഴിലാളി ഗ്രാമസംഘം ഉണ്ടാക്കിയതെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. ഏ. വി. താമരാക്ഷൻ: അങ്ങനെ 400 ഗ്രാമസംഘങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ട് ഉൾനാടൻ മേഖലകളിൽ ഗ്രാമസംഘങ്ങൾ രൂപീകരിക്കാനോ വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കാനോ ഇന്നുവരെ തയ്യാറായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടില്ല. 400 ഗ്രാമ സംഘങ്ങളും ഇപ്പോൾ എവിടെപ്പോയി? ഇപ്പോൾ കരുണാകരൻ പറയുന്നത് 1990 ആകുമ്പോൾ ഈ ഗ്രാമസംഘങ്ങളെല്ലാം പ്രവർത്തനക്ഷമമാകുമെന്നാണ്. ആ ഗ്രാമസംഘങ്ങളിൽ ഇപ്പോൾതിരഞ്ഞെടുപ്പുപോലുമില്ല. ഇന്ന് കരുണാകരൻ ഗവൺമെൻറ് ഗ്രാമസംഘപ്രവർത്തനം കേന്ദ്രീകരിക്കുന്നതിനുവേണ്ടി എൻ.സി.ഡി.സി. യുടെ സഹായത്തോടുകൂടി മൽസ്യഫെഡ് ഉണ്ടാക്കിയിരിക്കുകയാണ്. മൽസ്യഫെഡിലേക്ക് വരുന്ന പൈസ മുഴുവൻ എൻ.സി.ഡി.സി. യിൽ നിന്നാണ് വരുന്നത്. എൻ.സി.ഡി. സി. യിൽ നിന്ന് വാങ്ങുന്ന പൈസയ്ക്ക് തൊഴിലാളികൾ സമാധാനം പറയേണ്ടിവരും. ആ പണം മുഴുവൻ ദുർവിനിയോഗം ചെയ്യാനാണ് കരുണാകരൻ ഗവൺമെൻറ് തയ്യാറായിരിക്കുന്നത്. അഞ്ചരക്കോടി രൂപ 15 ഗ്രാമസംഘങ്ങൾക്ക് വേണ്ടി വാങ്ങിയിരിക്കുകയാണ് ആ അഞ്ചരക്കോടി രൂപയും ദുർവിനിയോഗം ചെയ്തുകൊണ്ടിരിക്കുന്നതായി ഞങ്ങൾ മാത്രമല്ല, ഭരണകക്ഷിയിൽപെട്ട കോൺഗ്രസ് (ഐ)യും മറ്റ് സംഘടനകളും ആക്ഷേപവുമായി മുന്നോട്ടുവന്നിരിക്കുകയാണ്. മൽസ്യഫെഡ് മുഖേന വാങ്ങുന്ന മുഴുവൻ പണവും ഇന്നല്ലെങ്കിൽ നാളെ കടലിൽ പോയി മീൻപിടിക്കുന്ന തൊഴിലാളികൾ വഹിക്കേണ്ടിവരും. അങ്ങനെ ആ പണം മുഴുവൻ ദുർവിനിയോഗം ചെയ്തുകൊണ്ടാണ് ഈ ഗവൺമെൻറ് മുന്നോട്ടു പോകുന്നത്. ഈ ഗ്രാമസംഘങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്താൻ ആവശ്യപ്പെട്ടു. ഓരോ ഗ്രാമസംഘത്തിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്താമെന്ന് 1985—ൽ ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കുന്ന അവസരത്തിൽ അദ്ദേഹം തന്നെ രേഖാമൂലം ഉണ്ടാക്കിയ എഗ്രിമെൻറ് ഉണ്ട്.

മറെറാന്ന് ഈ നിയമസഭ തന്നെ ഒരു നിയമം പാസ്സാക്കി—മൽസ്യത്തൊഴിലാളി ക്ഷേമനിധി ബിൽ ആ ക്ഷേമനിധി എവിടെപ്പോയി? മൽസ്യത്തൊഴിലാളി ക്ഷേമനിധി ബിൽ പാസ്സാക്കിയെന്ന് ശ്രീ. കരുണാകരൻ പറഞ്ഞു. ഒരു ഓർഡിനൻസു മൂലം ഇത് നടപ്പിലാക്കുമെന്ന് പറഞ്ഞു. ആ ഓർഡിനൻസ് എവിടെപ്പോയി? അത് നടപ്പിലാക്കിയോ? ആ നിയമം നടപ്പിലാക്കണമെങ്കിൽ 400 ഗ്രാമസംഘങ്ങൾ ഉണ്ടാക്കണം. കേരളത്തിലെ മൽസ്യത്തൊഴിലാളികളെയാകെ ദ്രോഹിച്ചുകൊണ്ട് ട്രോളിംഗ് ബോട്ടുകൾക്കും പേഴ്സിനവള്ളങ്ങൾക്കും മറ്റും സഹായകമാകുന്ന നിലയിൽ കൊണ്ടുവന്ന നിയമമാണ് അന്ന് കൊണ്ടുവന്നത്. ആ നിലയിലാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. വി. കെ. രാജൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986—ലെ കേരള സമുദ്രമേത്യസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബിൽ വീണ്ടും സബ്ജക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ ബില്ലിനെപ്പറ്റി അധികം സംസാരിച്ചതുകൊണ്ട് വലിയ കാര്യമൊന്നുമില്ല. നമ്മുടെ ശ്രീ. ജേക്കബ് ചേട്ടനാണ് മന്ത്രി. കേന്ദ്രത്തിൽ നമ്മുടെ ശ്രീ. കമലാപതി ത്രിപാഠിയുണ്ട്. ഇവിടെ രണ്ടാം കമലാപതി ത്രിപാഠിയെന്ന് വേണമെങ്കിൽ അദ്ദേഹത്തെ വിശേഷിപ്പിക്കാം. ഞാൻ ശ്രീ. ജേക്കബ് ചേട്ടനെ കളിയാക്കുകയല്ല. ചേട്ടൻ എനിക്ക് വളരെ ബഹുമാനവും ഇഷ്ടവുമുള്ള ആളാണ്. പക്ഷേ നമ്മുടെ മൽസ്യത്തൊഴിലാളികൾക്ക് ഒരു സഹായവും ചെയ്യാൻ അദ്ദേഹത്തിന് കഴിയുക

LIBRARY ARCHIVES Kerala Legislative Assembly

യില്ല. നേരത്തെ ഒരു ചോദ്യത്തിന് ഉത്തരമായി ശ്രീ. താമരാക്ഷൻ സംസാരിക്കുമ്പോൾ പറഞ്ഞു സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കാൻ പോയിട്ടുണ്ടെന്ന്. അത് കൊടുക്കാൻ പോയിട്ടുണ്ടോ; അല്ലെങ്കിൽ കൊടുത്തു കഴിഞ്ഞോ; അല്ലെങ്കിൽ വക്കീലിനെ ഏൽപ്പിച്ചിട്ടുണ്ടാകും. ഇവിടെ മൂന്ന് വർഷക്കാലമായി വിധി വന്നിട്ട്. മി. ദിനകരൻറെ മറുപടി ഞാൻ ആഗ്രഹിക്കുന്നില്ല. മൽസ്യത്തൊഴിലാളികളുടെ മൂന്ന് വർഷമായിട്ടുള്ള ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടില്ല. ഇവിടെ കേരളത്തിൽ ആദ്യമായി ഒരു നിയമം പാസ്സാക്കി, അതിൻറെ ഗുണഫലം അനുഭവിക്കുന്ന ഒരാൾ മൽസ്യത്തൊഴിലാളികൾ 86 ശതമാനമാണ്. 14 ശതമാനം വരുന്ന യന്ത്രവൽകൃത ബോട്ടുമായി ബന്ധമുള്ള മൽസ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി 86 ശതമാനം വരുന്ന പരമ്പരാഗത മൽസ്യത്തൊഴിലാളികളെ തുലച്ചവരാണ് നിങ്ങൾ. ഇവിടെ ധനകാര്യമന്ത്രി കഴിഞ്ഞ ദിവസങ്ങളിൽ പ്രഖ്യാപിച്ചത് തിരഞ്ഞെടുപ്പിൻറെ മോഹന വാഗ്ദാനങ്ങളായിരുന്നു. ഈ കേരളത്തിലെ ആറേഴ് ലക്ഷം വരുന്ന, കായലോരത്തും, കടലോരത്തുമുള്ള മൽസ്യത്തൊഴിലാളികളെ പാപ്പരീകരിച്ച ഒരു ഗവൺമെൻറാണിത്. കടലിൽ പോയി മൽസ്യം പിടിച്ചാൽ എത്ര കിലോ ഉണ്ടായാലും ആ കിലോയ്ക്ക് ഇത്ര രൂപ കരയിൽ കൊണ്ടുവന്നു വിറ്റാൽ കിട്ടുമെന്നുള്ള അടിസ്ഥാനത്തിലാണ് നാലുവർഷങ്ങൾക്കു മുൻപു ഇവിടെ ഗ്രാമസംഘങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചത്. ഗ്രാമസംഘങ്ങളിലേക്ക് എൻ. സി. ഡി. സി. യിൽ നിന്ന് ആവശ്യാനുസരണം പണം കിട്ടും. എന്നാൽ അത് ഉപയോഗപ്പെടുത്തി കൊണ്ട് കേരളത്തിലെ കായലോരത്തും കടലോരത്തുമുള്ള ഗ്രാമസംഘങ്ങളെ പ്രവർത്തിപ്പിക്കാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന് പറഞ്ഞാൽ 8 ലക്ഷത്തോളം വരുന്ന മൽസ്യത്തൊഴിലാളികളെ പാപ്പരീകരിച്ച ഒരു ഗവൺമെൻറാണിത്. അതിൻറെ മാപ്പുസാക്ഷിയാണ് ആ സമുദായത്തിൽ നിന്ന് വരുന്ന ശ്രീ. ദിനകരൻ എന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. അവരെ വിറ്റ് കാശാക്കുകയാണ്. ഇവിടെ ഈ ഗവൺമെൻറ് എന്തെങ്കിലും ചെയ്തോ എന്ന് ശ്രീ. ജേക്കബ് ചേട്ടൻ പറയണം. 222 ഗ്രാമസംഘങ്ങൾ നോട്ടിഫൈ ചെയ്തു.

സർ, ഇവിടെ തിരഞ്ഞെടുപ്പ് അടുക്കാൻ പോകുകയാണ്. മൽസ്യത്തൊഴിലാളികൾക്ക് വാരിക്കോരി കൊടുത്തു എന്ന് അവകാശപ്പെടുന്നവരോട് ഞാൻ ഒരിക്കൽ കൂടി പറയുകയാണ്, മത്സ്യത്തൊഴിലാളികൾക്ക് ഒന്നും ചെയ്യാൻ കഴിയാത്ത ഒരു ഗവൺമെൻറാണിത്. മൽസ്യത്തൊഴിലാളികൾക്ക് ആകെ ചെയ്തത് സാമുദായിക സ്പർദ്ധ വർദ്ധിപ്പിക്കാൻ വേണ്ടി ഒരൊറ്റ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രം ലംപ്സം ഗ്രാൻറ് അനുവദിച്ചു. കേരളത്തിലെ കടലോര—കായലോര പ്രദേശങ്ങളിലെ മൽസ്യത്തൊഴിലാളികൾ വിവിധ സമുദായത്തിൽപ്പെട്ടവരാണ്. ശ്രീ. താമരാക്ഷൻ കൺവീനർ, ഞാൻ അടക്കം ഉൾക്കൊള്ളുന്ന മൽസ്യത്തൊഴിലാളികളുടെ സമരസമിതിയാണ് സമരം ചെയ്തത് ഈ കേരളത്തിലെ എല്ലാ വിഭാഗങ്ങളിലുംപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് വിദ്യാഭ്യാസാനുകൂല്യമായ ലംപ്സം ഗ്രാൻറ് നേടിയെടുത്തത്. ജാതിയുടെ അടിസ്ഥാനത്തിൽ സമുദായങ്ങളെ ഭിന്നിപ്പിക്കുന്ന ഒരു നടപടി മാത്രമാണ്. ഈ ഗവൺമെൻറ് എടുത്തത്. ബഹുമാന്യനായ മുഖ്യമന്ത്രിയോട് ചോദിക്കുകയാണ് നിങ്ങൾ മൽസ്യത്തൊഴിലാളികൾക്ക് വീട് കൊടുത്തോ എന്ന്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറ് മൂന്ന് വർഷംകൊണ്ട് പതിനായിരം, പതിനായിരം, അയ്യായിരം എന്ന കണക്കിൽ ഇരുപത്തി അയ്യായിരം വീടുകൾ പ്രഖ്യാപിച്ചുകൊണ്ട് പതിനായിരത്തിൻറെ പ്രവർ

LIBRARY ARCHIVES Kerala Legislative Assembly

ത്തനങ്ങൾ ഞങ്ങൾ ഏറെടുത്തു നടത്തിയത് ഒഴിച്ചാൽ ശ്രീ. ദിനകരൻ ഉൾപ്പെടെയുള്ള ഈ ഗവൺമെൻറിന്റെ കാലത്ത് ഒരു വീടെങ്കിലും കൊടുത്തുവെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? ഞങ്ങളുടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറ്, ശ്രീ. നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെൻറിന്റെ കാലത്താണ് വീട് കൊടുത്തിട്ടുള്ളത്. ഈ ഗവൺമെൻറ്, കഴിഞ്ഞ ഗവൺമെൻറ് ചെയ്ത ആനുകൂല്യങ്ങളൊക്കെ തകർത്ത് തരിപ്പണമാക്കി. ഇതിനെ രക്ഷിക്കാൻ ശ്രീ. ജേക്കബ് ചേട്ടന് കഴിയുകയില്ല. മൂന്ന് വർഷക്കാലമെടുത്തു, സുപ്രീം കോടതിയിൽ അപ്പീലിന് പോകാൻ കേന്ദ്ര ഗവൺമെൻറിന്റെ ഓർഡർ വന്നിരിക്കുന്നു. 10 കിലോമീറ്റർ ആക്കണമെന്ന്. യന്ത്രവൽക്കൃത മൽസ്യബന്ധനത്തിന്റെ 22 കിലോമീറ്റർ എന്നുള്ളത് 10 കിലോമീറ്റർ ആക്കണമെന്ന് പറഞ്ഞ് ഓർഡർ വന്നിരിക്കുന്നു. ശ്രീ. രാജീവ് ഗാന്ധിയുടെ ആ സർക്കുലറിനെ ചോദ്യം ചെയ്യാൻ കെൽപ്പില്ലാത്ത ഒരു ഗവൺമെൻറാണിത്. മൂന്ന് വർഷക്കാലം കോൾഡ് സ്റ്റോറേജിൽ കയറ്റി വച്ചു. ശ്രീ. ജേക്കബ് ചേട്ടൻ കോൾഡ് സ്റ്റോറേജിൽ ആക്കിയെന്ന്. ഒന്നും ഞാൻ പറയുന്നില്ല. ഞാൻ സൂചിപ്പിച്ചത് ഇവിടെ മി. ദിനകരൻ നേരത്തേ ശ്രീ. താമരാക്ഷനോട് ഒരു ചോദ്യം ചോദിച്ചു. ശ്രീ. പി. എസ്. ശ്രീനിവാസന്റെ ജ്യേഷ്ഠന്റെ മകൻ പേഴ്സീൻ ബോട്ട് ഉടമസ്ഥ സംഘത്തിന്റെ പ്രസിഡൻറ് ആയിരുന്നുവെന്ന്. അങ്ങനെ ഒരു ജ്യേഷ്ഠനുമില്ല, മകനുമില്ല. ഞാൻ ആധികാരികമായിട്ട് പറയുകയാണ്. അങ്ങനെ ശ്രീ. ശ്രീനിവാസന് ജ്യേഷ്ഠനുണ്ടോ, അമ്മയുണ്ടോ, അച്ഛനുണ്ടോ എന്നുള്ളതല്ല പ്രശ്നം. ശ്രീനിവാസന്റെ ജ്യേഷ്ഠൻ കല്ല്യാണംപോലും കഴിച്ചിട്ടില്ല. ഇവിടെ ഒരു മുൻ മന്ത്രിയായിരുന്ന ആളിനെപ്പറ്റി ആരോപണങ്ങൾ പറയുന്നതാണ്. ശ്രീ. ദിനകരനെപ്പോലെ ജ്യേഷ്ഠനാണോ, അനിയനാണോ, അച്ഛനാണോ, അമ്മയാണോ എന്ന് നോക്കിയിട്ടില്ല. ഈ രാജ്യത്ത് ഒരു സാമൂഹ്യമാറ്റത്തിനുവേണ്ടി നിലനിൽക്കുന്ന മഹത്തായ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പ്രതിനിധിയായി ശ്രീ. ശ്രീനിവാസൻ, പ്രവർത്തിച്ചിരുന്നത്. ആ നിലയിലാണ് ഇൻഡ്യയിൽ ആദ്യമായി ആ നിയമം കൊണ്ടുവന്നത്. ശ്രീ. ശ്രീനിവാസനെ നിങ്ങൾക്ക് അറിയാമോ? ഇൻഡ്യയിൽ ആദ്യമായി സ്വകാര്യവൽക്കരണങ്ങൾ ഒരു നയാപൈസ കൊടുക്കാൻ ബില്ല് കൊണ്ടുവന്ന് പാസ്സാക്കി ഏറെടുത്ത നേതാവ് ആണ് ശ്രീ. ശ്രീനിവാസൻ. ശ്രീനിവാസനെക്കുറിച്ച് സംസാരിക്കുമ്പോൾ സൂക്ഷിച്ചു സംസാരിക്കണം. ശ്രീ ദിനകരനെപ്പോലെ നാല് മൽസ്യത്തൊഴിലാളികളെ ജാതി അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് നടക്കുന്ന നേതാവല്ല ശ്രീ. ശ്രീനിവാസൻ. മൂന്ന് താങ്ങുന്നതിനും എന്തെങ്കിലും പ്രതിഫലം കിട്ടുമെന്നുവച്ച് പറയുന്നതിൽ എന്തെങ്കിലും അർത്ഥം വേണ്ടേ? ഈ രാജ്യത്ത് ത്യാഗോജ്ജ്വലമായ സമരം ചെയ്തത് പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടേയും, കയർത്തൊഴിലാളികളുടേയും ഉന്നമനത്തിനുവേണ്ടി പാവപ്പെട്ടവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി പ്രവർത്തിച്ച ആളാണ് ശ്രീനിവാസൻ.....

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, ഒറിജിനൽ ആക്ടനുസരിച്ച് പീനൽ പ്രൊവിഷൻസ് അപര്യാപ്തമാണെന്നു അനുഭവത്തിൽ ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് സെക്ഷൻ 17 ഭേദഗതി ചെയ്തുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചത്. അതിനെ റീപ്ലെയിസ് ചെയ്യുന്നതിനാണ് ബില്ല് അവതരിപ്പിച്ചത്. ഇതു കൂടെ

LIBRARY ARCHIVES Kerala Legislative Assembly

കടുത്തുപോയി എന്നു പരക്കെ പരാതിയുണ്ടായിരുന്നു. അതു പരിഗണിച്ചാണ് സബ്ജക്ട് കമ്മിറ്റി ചില ഭേഗതികൾ നിർദ്ദേശിച്ചത്. ഇതു പൊതുവേ സ്വീകാര്യമായിരിക്കും. ഇനി ഇതു പബ്ലിക് ഒപ്പീനിയനു വേണ്ടി സർക്കുലേറ്റ് ചെയ്താൽ ഇപ്പോഴത്തെ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നീണ്ടുപോകുകയേയുള്ളൂ. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച പ്രകാരം ബില്ല് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ.വി. താമരാക്ഷൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി.കെ. രാജൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1966-ലെ കേരള സമുദ്രമൽസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേഗതി) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

വകുപ്പു തിരിച്ചുള്ള ചർച്ച

രണ്ടാംവകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേഗതികൾ അവതരിപ്പിക്കുന്നു.

(1) In the proviso to sub-section (1) of Section 17 of the Principal Act proposed to be added by sub-clause (1) of clause 2, after the words "that any person had" add the words "attempted to use or had".

(2) In the proviso to sub-section (1) of Section 17 of the Principal Act, proposed to be added by sub-clause (i) of Clause 2 delete the words "on being found guilty by the adjudicating officer".

(3) In the proviso to sub-section (1) of Section 17 of the Principal Act, proposed to be added by sub-clause (i) of Clause 2, substitute the words "as shall be adjudged" for the words "as may be adjudged".

New proviso after proviso to sub-section (1) of Section 17.

(4) In sub-section (i) of Section 17 of the Principal Act, after the first proviso proposed to be added by sub-clause (i) of Clause 2 add the following further proviso also namely:—

"Provided further that if the fishing vessel involved is a vessel registered under any law for the time being in force in any other State, or the persons engaged in fishing are ordinarily residents of other States, the penalty referred to in the first proviso shall not be less than fifty thousand rupees but which may extend to one lakh rupees as shall be adjudicated by the adjudicating officer".

LIBRARY ARCHIVES Kerala Legislative Assembly

(5) In the proviso to sub-section (2) of section 17 of the principal Act, proposed to be substituted by sub-clause (2) of Clause 2 after the words "fishing vessel" add the words "fishing gear".

സർ, ആദ്യമായി ഇതിന്റെ പേരിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്. മറൈൻ ഫിഷിംഗ് റഗുലേഷൻ സെക്കൻഡ് അമൻഡ്മെന്റ് ബിൽ, 86 എന്നാണ് പറഞ്ഞിരിക്കുന്നത്. 1986—ൽ സെക്കൻഡ് അമന്റ്മെന്റെന്നു പറയുമ്പോൾ ഇതിന് മുമ്പ് 1986—ൽ ഈ മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിന് ഒരു അമൻഡ്മെന്റുണ്ടായിട്ടില്ല. ലാ ഡിപ്പാർട്ടുമെന്റിനേറെയും അങ്ങയുടേയും ശ്രദ്ധയ്ക്കുവേണ്ടി പറയുകയാണ്. നിയമം ഭേദഗതി ചെയ്യുന്ന സമയത്തു ഇയർവൈസായിട്ടാണ് നമ്മൾ കണക്ക് എടുക്കുന്നത്. അങ്ങനെ ഇയർവൈസായിട്ട് എടുക്കണമെന്നുണ്ടെങ്കിൽ 1986—ൽ ഇതിനുമുമ്പ് മറൈൻ ഫിഷിംഗ് റഗുലേഷൻ ഭേദഗതി ചെയ്തിട്ടില്ല. ഓർഡിനൻസുകളും ഉണ്ടായിരുന്നിരിക്കാം. ഞാൻ ഈ അസംബ്ലിയിൽ ബില്ലിന്റെ ലിസ്റ്റ് നോക്കുമ്പോൾ അതിനകത്തും മറൈൻ ഫിഷിംഗ് അമൻഡുമെന്റ് ഉണ്ടായിട്ടില്ല. അതുകൊണ്ട് എന്നെ ഇപ്പോൾ വാക്കാൽ മൂവ് ചെയ്യാൻ അനുവദിക്കുകയാണെങ്കിൽ ഞാൻ മൂവ് ചെയ്യാം. അല്ലെങ്കിൽ മന്ത്രിയെങ്കിലും മൂവ് ചെയ്തു ഇതൊന്നു മാറ്റണം. ലാ. ഡിപ്പാർട്ടുമെന്റ് ബില്ലുകൾ കൊണ്ടുവരുമ്പോൾ അതിന്റെ പേരു കൊടുക്കുന്നത് വളരെ കഷ്ടമായിട്ടാണ്. ഇതു ശ്രദ്ധിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അമൻറുമെന്റ് ബിൽ എന്നു മാത്രം മതി. രണ്ടാം അമൻഡ്മെന്റെന്നു ആവശ്യമില്ല. ഇതിനു മുമ്പൊരു അമെൻറുമെന്റുണ്ടായിട്ടില്ല. ഒന്ന് ഉണ്ടാകാതെ രണ്ടെന്നു പേരുകൊടുക്കേണ്ട കാര്യമില്ല. ഇന്നു രാവിലെ suppleme:tary ഡിമാൻഡ് കൊണ്ടുവന്നപ്പോൾ ഒരെണ്ണത്തിൽ 1986—ലെ കേരള ധനവിനിയോഗ (6—ം നമ്പർ) ബിൽ എന്നാണ് പറഞ്ഞിരിക്കുന്നത്. മറെറാന്നിൽ ധനവിനിയോഗ (5—ാം നമ്പർ) ബിൽ, 86 എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിന് ഏതെങ്കിലും ഒരു തരത്തിലുള്ള ഒരു ന്യായം വേണ്ടേ? ഇക്കഴിഞ്ഞ ദിവസം 1984—ലെ ജലവും മലിനജലവും സംബന്ധിച്ച കേരള ബിൽ എന്നൊരു ട്രാൻസ്ലേഷൻ കണ്ടു. മലയാളം ട്രാൻസ്ലേഷൻ വളരെ മോശമാണ്. അതുകൊണ്ട് ഈ ബിൽ കൊണ്ടുവരുമ്പോൾ ഇതു പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് ആദ്യമേ സൂചിപ്പിക്കാനുള്ളത്. എന്റെ 23—ാം ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. ബില്ല് കൊണ്ടുവന്നതിന്റെ ഒബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ പറയുന്നത് നിയമ ലംഘനംമൂലം പരമ്പരാഗതമൽസ്യത്തൊഴിലാളികളും യന്ത്രവൽകൃത ബോട്ടിൽ മൽസ്യബന്ധനം നടത്തുന്നവരും തമ്മിലുണ്ടാകുന്ന വഴക്കുകൾ ഒഴിവാക്കുന്നതിനും ക്രമസമാധാനം നിലനിർത്താനും വേണ്ടിയാണെന്നാണ്. കുറെങ്കിലും തടയുന്നതിനുവേണ്ടി വർദ്ധിച്ച പിഴയും ശിക്ഷയും ഈ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യത്തെ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിച്ചത് സെക്ഷൻ 5, 7 അനുസരിച്ചുള്ള കുറ്റം ചെയ്താൽ മാത്രമല്ല, കുറ്റം ചെയ്യാൻ ശ്രമിക്കുന്നതുംകൂടി ഒരു കുറ്റമായി കണക്കാക്കി ഈ വർദ്ധിച്ച ശിക്ഷ ഇങ്ങനെ കുറ്റം ചെയ്യാൻ ശ്രമിക്കുന്നവർക്കുകൂടി ബാധകമാക്കണം. എന്നു പറഞ്ഞാൽ ഈ ബില്ല് ഫലത്തിലാണോ ഉദ്ദേശിച്ചത് ആ ആശയം സഫലീകരിക്കുന്നതിന് പര്യാപ്തമാകുമെന്നുള്ളതുകൊണ്ടാണ് ഞാൻ എന്റെ ആദ്യത്തെ ഭേദഗതി അവതരിപ്പിക്കുന്നത്. എന്റെ രണ്ടാമത്തെ ഭേദഗതി പ്രൊവിസോയിലുള്ള മറെറാരു ഭാഗത്തെക്കുറിച്ചാണ്. ആ പ്രൊവിസോ ശ്രദ്ധിച്ചു വായിച്ചാൽ മനസ്സിലാകും.

LIBRARY ARCHIVES Kerala Legislative Assembly

17 (1). The adjudicating officer shall, after the enquiry under Section 16, decide whether any person has used, or caused or allowed to be used, any fishing vessel in contravention of any of the provisions of this Act.....

എന്നു പറയുന്നുണ്ട്. എൻകയറിക്കുശേഷം സെക്ഷൻ 16 അനുസരിച്ച് ഒരാൾ കുറ്റം ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് ഡിസൈഡ് ചെയ്യണം. സെക്ഷൻ 16 അനുസരിച്ചു അഡ്ജുഡിക്കേറ്റിംഗ് ഓഫീസർ ഡിസൈഡ് ചെയ്തുകഴിഞ്ഞാൽ പിന്നെ അഡ്ജുഡിക്കേറ്റിംഗ് ഓഫീസർക്ക് വീണ്ടും അദ്ദേഹം കുറ്റം ചെയ്തിട്ടുണ്ടോ "On being found guilty by the adjudicating officer" എന്നൊരു ഭാഗം ആവശ്യമില്ല. സെക്ഷൻ 16 അനുസരിച്ച് ഒരു ഓഫീസർ മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്റ്റിലെ 16–ാം സെക്ഷൻ അനുസരിച്ച് കുറ്റം ചെയ്തിട്ടുണ്ടെന്നു നിശ്ചയിച്ചുകഴിഞ്ഞാൽ വീണ്ടും അദ്ദേഹത്തിനുതന്നെ കുറ്റം ചെയ്തിട്ടുണ്ടോയെന്നു പരിശോധിക്കാനുള്ള അവകാശം കൊടുക്കുന്നത് തെറ്റാണ്. അതുകൊണ്ട് കുറ്റം ചെയ്തു എന്നു ഡിസൈഡ് ചെയ്തുകഴിഞ്ഞാൽ പിന്നെ ശിക്ഷയാണ് കൊടുക്കേണ്ടത്. അങ്ങനെ ശിക്ഷ കൊടുക്കുന്നതിനിടയിൽ വീണ്ടും അഡ്ജുഡിക്കേറ്റിങ് ഓഫീസർക്കു കുറ്റം ചെയ്തിട്ടുണ്ടോയെന്നതിനെ സംബന്ധിച്ച് പരിശോധിക്കാൻ ഒരു സമയം കൊടുക്കുകയെന്നു പറയുന്നത് വളരെ തെറ്റാണ്. അതുകൊണ്ട് ഈ ഡിസ്ക്രീഷൻ എടുത്തുകളയണം. സെക്ഷൻ 16 അനുസരിച്ചു എൻകയറിക്ക് ശേഷം കുറ്റം ചെയ്തെന്നു ഡിസൈഡ് ചെയ്തുകഴിഞ്ഞാൽ ശിക്ഷ കൊടുക്കാൻ ലയബിളാകുന്ന വിധത്തിൽ ഭേദഗതി കൊണ്ടുവരണമെന്നുള്ളതുകൊണ്ടാണ് ഞാൻ രണ്ടാമത്തെ ഭേദഗതി അവതരിപ്പിക്കുന്നത്.

എന്റെ മൂന്നാമത്തെ ഭേദഗതി പ്രിന്റ് ചെയ്തതിൽ ചില മിസ്റ്റേയ്ക്കുകളുണ്ട്. അതുകൂടി കറക്റ്റ് ചെയ്തു മൂവ് ചെയ്യാം.

In the proviso to sub-section (i) of Section 17 of the Principal Act, proposed to be added by sub-clause (i) of clause (2), substitute the words "as shall be adjudged" for the words "as may be adjudged"

എന്ന ഭേദഗതിയാണ് എനിക്ക് അവതരിപ്പിക്കാനുള്ളത്. "as may be adjudged," എന്നു പറഞ്ഞാൽ അതു ശരിയാകുകയില്ലെന്നാണ് എന്റെ അഭിപ്രായം. കുറ്റം ചെയ്തെന്നു കണ്ടുകഴിഞ്ഞാൽ, ഡിസൈഡ് ചെയ്തു കഴിഞ്ഞാൽ ശിക്ഷിക്കണം. ഇതിന്റെ ഒബ്ജക്റ്റ്സ് ആൻഡ് റീസണിൽ പറയുന്നത് ഇതു കർശനമായി തടയുന്നതിനുവേണ്ടിയാണ് പിഴ വർദ്ധിപ്പിച്ചതെന്നാണ്. നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നത് അതിനുവേണ്ടിയാണ്. അതുകൊണ്ട് "May" എന്നത് "shall" ആക്കണം. objects and reason–ൽ പറയുന്നത് ഈ പ്രൊവിഷൻ കമ്പൽസറിയാക്കണമെന്നാണ്. ശിക്ഷ കമ്പൽസറിയാകണമെന്നുണ്ടെങ്കിൽ അതിന് കുറ്റക്കുടി കർശനമായ സ്വഭാവമുണ്ടെങ്കിൽ മാത്രമേ പറ്റുകയുള്ളൂ, അതുകൊണ്ട് "as may be adjudged" എന്നതിനു പകരം "as shall be adjudged" എന്നാക്കിമാറ്റണമെന്നാണ് മൂന്നാമത്തെ ഭേദഗതി. നാലാമത്തെ ഭേദഗതി വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ നിയമത്തിൽ പറയുന്നതും മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്റ്റ് ആൻഡ് റൂൾസിൽ പറയുന്നതും ഇന്നു കേരളത്തിൽ ഒരു പ്രശ്നമായിട്ടുള്ള കാര്യമാണ്. മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളിൽ നിന്നും മറ്റ് പ്രദേശങ്ങളിൽ നിന്നും വരുന്ന ട്രോളികളും മറ്റ് മൽസ്യബന്ധന വെസ്സൽസും നമ്മുടെ തീരപ്രദേശങ്ങളിൽ വന്നുകയറി കുഴപ്പങ്ങൾ കാണിച്ചാൽ ഇപ്പോൾ നമ്മുടെ ഈ നിയമമനുസരിച്ച് അവരുടെമേൽ നിയന്ത്രണമേർപ്പെടുത്താൻ അവകാശമില്ല. ഇപ്പോൾ കർണ്ണാടകത്തിൽ രജിസ്റ്റർ ചെയ്തതും അവിടെ താമസിക്കുന്ന ഉടമസ്ഥൻമാരുടേതുമായ ട്രോളികളും മറ്റ് വെസ്സൽസും കാസർകോട്ടും കേരളത്തിന്റെ മറ്റ് തീരപ്രദേശങ്ങളിലും വന്നു മൽസ്യബന്ധനം നടത്തുന്നുണ്ട്. വളരെയധികം തർക്കങ്ങൾ, ആ പ്രദേശങ്ങളിൽ ഉണ്ടായതാണ്: ഇവിടെ ഈ നിയമനിർമ്മാണം കൊണ്ടു വന്നാലും ഇതു ഫലപ്രദമായി തടയാനൊക്കുകയില്ലെന്നുള്ളതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും മറ്റ് സംസ്ഥാനങ്ങളിലെ ഉടമസ്ഥൻമാരുടേതുമായിട്ടുള്ള വെസ്സൽസിന് നിയന്ത്രണമേർപ്പെടുത്തത്തക്ക വിധത്തിൽ അഡീഷണലായിട്ട് ഒരു പ്രൊവിഷൻ എഴുതിച്ചേർക്കണമെന്നുള്ളതാണ് നാലാമത്തെ ഭേദഗതി.

അഞ്ചാമത്തെ ഭേദഗതി In the proviso to sub-section (2) of section 17 of the Principal Act, proposed to be substituted by sub-clause (2) of clause 2 after the words "fishing vessel" എന്നുള്ളതിനോടൊപ്പം "ഫിഷിംഗ് ഗിയർ" എന്നുകൂടി ചേർക്കണം. ഇതിൽ ഫിഷിംഗ് വെസ്സലും അതിലുള്ള മൽസ്യവും കണ്ടുകെട്ടുമെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. ഫിഷിംഗ് വെസ്സലും അതിലെ മൽസ്യവും കണ്ടുകെട്ടുകയെന്നു പറഞ്ഞാൽ അതിൽ മറ്റ് ഉപകരണങ്ങൾ പെടുകയില്ല. ഒരു പെഴ്സീൻ നെറ്റ് ഈ കിട്ടുന്ന മൽസ്യത്തെക്കാളും വില്യുള്ളതാണ്. അതുപോലെതന്നെ മറ്റ് ഉപകരണങ്ങളും. ഫിഷിംഗ് വെസ്സലെന്നു പറയുമ്പോൾ വെസ്സലും മൽസ്യവും മാത്രമേ വരികയുള്ളൂ. മൽസ്യബന്ധനത്തിനുപയോഗിക്കുന്ന നെറ്റുംപ്പെടെ മറ്റ് ഉപകരണങ്ങളും കൂടി കണ്ടുകെട്ടാനുള്ള ഒരു വകുപ്പ് ഉണ്ടാകണം. അതുകൊണ്ടാണ് അഞ്ചാമത്തെ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നത്.

Shri. V. J. Thankappan: Sir, I move the following amendment. In the proviso to sub-section (2) of section 17 of the Parent Act, proposed to be substituted by sub-clause (2) of clause 2 the words "for the second or subsequent time" shall be deleted.

സർ, സബ്ജക്ട് കമ്മിറ്റിക്ക് ഈ ബിൽ അയയ്ക്കുന്നതിനു മുമ്പ് അതിനുവേണ്ടി നടന്ന ചർച്ചയിൽ ഈ പ്രശ്നം അതിശക്തിയായി ഉന്നയിച്ചു സംസാരിച്ചപ്പോൾ അന്ന് ഈ ബിൽ അറൻഡ് ചെയ്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയായി പറഞ്ഞത് പുതിയ അമൻറ്മെൻറിൽ "shall" എന്ന ഒരു വേഡ് ചേർത്തിട്ടുണ്ട്. പേരൻറ് ആക്ടിൽ "shall" ഇല്ലായെന്നു പറഞ്ഞാണ് അദ്ദേഹം അവിടെ ആ വാദഗതിയെ നേരിട്ടത്. സർ, അദ്ദേഹം അറിഞ്ഞുകൊണ്ട് സത്യവിരുദ്ധമായി പറഞ്ഞുവെന്ന് ഞാൻ ആരോപിക്കുന്നില്ല. എന്തുകൊണ്ടോ അദ്ദേഹം ഇതിലില്ലാത്ത ഒരു സംഗതി പറഞ്ഞുപോയി. സർ, എന്തുകൊണ്ട് ഇത് അവതരിപ്പിക്കുന്നു. പേരൻറ് ആക്ടിൽ ഇതേ ഭേദഗതിതന്നെ. എൻറെ സുഹൃത്ത് ശ്രീ. വി. ദിനകരനും ശ്രീ. വർക്കല രാധാകൃഷ്ണനും അവതരിപ്പിച്ചിട്ടുണ്ട്. ഈ അമൻറ്മെൻറ് ബിൽ അവതരിപ്പിക്കുമ്പോൾ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് എന്തോ വലിയ കാര്യം സാധിച്ചുകൊടുക്കുന്നുവെന്നുള്ള മട്ടിലാണ് അവതരിപ്പിച്ചത്. പക്ഷെ അതിൻറെ ഫലം

LIBRARY ARCHIVES Kerala Legislative Assembly

പേഴ്സീൻ വലയും യന്ത്രവൽകൃത ബോട്ടുമുപയോഗിച്ച് മൽസ്യം പിടിക്കുന്ന ആളുകളെ വാസ്തവത്തിൽ രക്ഷിക്കുന്നതിനാണ് ഈ ബിൽ. അതിലെ ഒറിജിനൽ പേരൻറ് ആക്ടിലെ പ്രൊവിഷൻസ് ഞാൻ വായിക്കാം. ഇത് വളരെ പ്രാധാന്യമുള്ളതുകൊണ്ടാണ് വിശദീകരിക്കുന്നത്. കാരണം ഒരു കൈകൊണ്ടെടുക്കുന്നത് മറെറാരു കൈകൊണ്ട് തിരിച്ചെടുക്കുന്നതു പോലെയാണ്. ഇരുപത്തയ്യായിരം രൂപ മുതൽ അമ്പതിനായിരം രൂപവരെ ശിക്ഷ എൻഹാൻസ് ചെയ്തപ്പോഴും അതിനേക്കാളും വലിയ ഇളവാണ് വൻകിട മീൻപിടുത്തക്കാർക്ക് കൊടുത്തിരിക്കുന്നത്. അതുകൊണ്ടാണ് പറയേണ്ടിവരുന്നത്. സർ, പേരൻറ് ആക്ടിൽ 14–ാം വകുപ്പിൽ പറയുന്നത്

The authorised officer may if he has reason to believe that any fishing vessel is being, or has been, used in contravention of any of the provisions of this Act or of any order or rule made thereunder or any of the conditions of the licence, enter and search such vessel and impound such vessel and seize any fish found in it.

അതുപോലെതന്നെ 17 (2) (ബി)–യിൽ ഒറിജിനൽ പേരൻറ് ആക്ടിൽ കോൺഫിസ്ക്കേഷനെ സംബന്ധിച്ച് ഇത് ഉപയോഗിക്കുന്ന പേഴ്സീൻ നെററിനെയല്ല, യന്ത്രവൽകൃത ബോട്ടാണെങ്കിൽ ആ ബോട്ടിനെ സംബന്ധിച്ചും പിടിച്ച മീനിനെ സംബന്ധിച്ചും അത് എങ്ങനെ ചെയ്യണമെന്നു കാണിക്കുന്നതാണ് പേരൻറ് ആക്ടിലെ 17 ഉപവകുപ്പ് 2–ൻെറ ബില്ലിൽ പറയുന്നത്.

17 (2) (b):—The fishing vessel or fish that may have been impounded or seized, as the case may be, under section 14 shall be forfeited to the Government.

അപ്പോഴും ആദ്യത്തെ കുററത്തിൽതന്നെ അയാൾ ഉപയോഗിക്കുന്ന ബോട്ടും അതുകൊണ്ടുപയോഗിച്ചു പിടിച്ച മൽസ്യവും കണ്ടുകെട്ടാനുള്ള വകുപ്പ് പേരൻറ് ആക്ടിൽ ഉണ്ട്. പക്ഷേ അമൻറ്മെൻറ് ആക്ടിൽ അയാൾ ചെയ്തിരിക്കുന്ന കുററം ആദ്യത്തേതാണെങ്കിൽ കണ്ടുകെട്ടേണ്ട കാര്യമില്ല. രണ്ടാമത്തേതോ അതിനുശേഷമുള്ളതോ ആണെങ്കിൽ കണ്ടുകെട്ടിയാൽ മതിയെന്നു പറഞ്ഞിരിക്കുമ്പോൾ ആരെ രക്ഷിക്കാനാണു സർ? അതുകൊണ്ട് പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനാണ്. ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നതെങ്കിൽ അതുപോലെതന്നെ യന്ത്രവൽകൃത ബോട്ടും അതുപയോഗിച്ച് മൽസ്യം പിടിക്കുന്ന ഇവിടത്തെ കുത്തകക്കാരെ ശിക്ഷിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ വകുപ്പ് രണ്ടാമത്തെ ഒഫൻസിനുമാത്രം കോൺഫിസ്ക്കേഷൻ മതിയെന്ന് എഴുതിച്ചേർത്തിരിക്കുന്നത് മാററണം. മാററിയില്ലെങ്കിൽ ഈ ബിൽ മൽസ്യത്തൊഴിലാളികൾക്കുവേണ്ടിയല്ല, മൽസ്യം പിടിക്കുന്ന കുത്തകക്കാർക്കുവേണ്ടിയാണെന്ന് വ്യക്തമാവും. അതുകൊണ്ടാണ് ഇതു ഞാൻ അവതരിപ്പിക്കുന്നത്.

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, ക്ലാസ്–2 പ്രൊവൈസോയിൽ "attempted to use", എന്നു ചേർക്കണമെന്നാണ് ഭേദഗതിമൂലം ശ്രീ. രാജേന്ദ്രൻ ആവശ്യപ്പെട്ടിരിക്കുന്നത്. കടലിൽ നടക്കുന്ന കാര്യത്തിൽ അറംപ്പറ്റ് ചെയ്യുന്നത് തെളിയിക്കാൻ പ്രയാസമാണ്. മാത്രമല്ല സെക്ഷൻ 17–ൻെറ 1–ൽ "attempted to use fishing vessel" എന്നു ചേർത്തിട്ടില്ല. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കാൻ നിർവ്വാഹമില്ല. "on being found guilty" എന്ന വാക്കുകൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രൊവൈസോയിൽനിന്നും എടുത്തുകളയണമെന്ന ഭേദഗതിയും അംഗീകരിക്കാൻ പ്രയാസമാണ്. കാരണം സെക്ഷൻ 17 (1)—ൽ ഈ വാക്കുകളും ഉണ്ട്. അത് പ്രൊവൈസോയിൽ കൂടിയേ തീരൂ. ആദ്യത്തെ പ്രാവശ്യം കുറ്റംചെയ്യുന്ന ആൾക്ക് ഏറ്റവും കഠിനമായ ശിക്ഷ നൽകണമെന്നാണ് മറ്റൊരു ഭേദഗതി. അത് കൂടെ കടുത്തുപോയില്ലേ. ഈ ഭേദഗതിയും സ്വീകാര്യമല്ല. മറ്റു ഭേദഗതികളെല്ലാം സൂചിപ്പിക്കുന്ന കാര്യത്തിൽ വിശദമായി സബ്ജക്ട് കമ്മിറ്റി പരിഗണിച്ചതാണ്. അവയും അംഗീകരിക്കാവുന്നതല്ല. ശ്രീ. കാനം രാജേന്ദ്രന്റെ 5-ാമത്തെ ഭേദഗതിയും സ്വീകരിക്കാൻ നിർവ്വാഹമില്ല. കാരണം സെക്ഷൻ 14—ൽ "fishing gear" എടുത്തു പറഞ്ഞിട്ടില്ലാത്തതുകൊണ്ട് സെക്ഷൻ 17 (2)—ന്റെ പ്രൊവൈസോയിൽ ഇതു ചേർക്കാൻ സാദ്ധ്യമല്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

മൂന്നാം വകുപ്പ്

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ നിരാകരിച്ചു.

ഇത് ശരിയാണോ? നിരാകരിച്ചാൽ ഭാഗമാകുമോ?

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Minister for Fisheries **Shri. A. L. Jacob**: Sir, I move that In sub clause (i) of clause (1) for the brackets and words "(Second Amendment) Bill, 1986" the brackets and words "(Amendment) Bill 1985" shall be substituted.

ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പു മന്ത്രി അവതരിപ്പിച്ച ഓവർ അമെൻറ്മെൻറ് സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

Minister for Fisheries **Shri. A. L. Jacob**: Sir, I move that the Kerala Marine Fishing Regulation (Second Amendment) Bill, 1986 may finally be passed.

Minister for Education **Shri. T. M. Jacob**: Sir, I second it.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: സർ, ചില വസ്തുതകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഞാൻ മൂന്നാം വായനയിൽ സംസാരിക്കാനുദ്ദേശിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിൻെറ സമുദ്രതീരമെന്നു പറഞ്ഞാൽ 590 കിലോമീറ്ററാണ്. മൽസ്യസമ്പത്തു പരമാവധി ചൂഷണം ചെയ്ത് നമ്മുടെ സമ്പദ്ഘടന അഭിവൃദ്ധിപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. അത് വളരെ ദുഃഖകരമായ ഒരു സ്ഥിതിവിശേഷമാണ്. 1980–ൽ ഇങ്ങനെയൊരു നിയമനിർമ്മാണം കൊണ്ടു വന്നിട്ടുള്ളത് ഒരു നല്ല ഉദ്ദേശത്തോടുകൂടിയാണ്. കേരളാ മറൈൻ ഫിഷിംഗ് റെഗുലേഷൻസ് ആക്ടിൽ പറഞ്ഞിരിക്കുന്നത്.

Sec. 4(1):—The Government may, having regard to the matters referred to in sub-section (2), by order notified in the Gazett, regulate, restrict or prohibit ഇങ്ങനെയാണ്. അങ്ങനെയുള്ള നടപടികൾ സ്വീകരിക്കാൻ ഒരു നിയമനിർമ്മാണത്തിന് ഗവൺമെൻറിനെ പ്രേരിപ്പിച്ച വസ്തുതയും പറയുന്നുണ്ട്.

Sec. 4 (2):—In making an order under sub-section (1), the Government shall have regard to the following matters, namely:—

(a) the need to protect the interests of different sections of persons engaged in fishing, particularly those engaged in fishing using traditional fishing crafts such as catamaran, country craft or canoe;

(b) the need to conserve fish and to regulate fishing on a scientific basis;

(c) the need to maintain law and order in the sea;

(d) any other matter that may be prescribed.

ഈ നിയമനിർമ്മാണത്തിന് ഗവൺമെൻറിനെ പ്രേരിപ്പിച്ചതായ വസ്തുതകൾ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കുവാനും ശാസ്ത്രീയമായ രീതിയിൽ കൺസർവ്വ് ചെയ്യാനും ബന്ധനം നടത്തുവാനും ഒക്കെയുള്ള : നടപടികൾ സ്വീകരിക്കുക എന്നിവയാണ്. മൂന്നാമത് പറഞ്ഞിരിക്കുന്നത്, കടലിൽ ക്രമസമാധാനം നില നിറുത്തുന്നതിനുവേണ്ടികൂടിയാണ് ഈ നിയമനിർമ്മാണം കൊണ്ടു വന്നിരിക്കുന്നതെന്ന്. ഈ നിയമം 1981–ലാണ് ഉണ്ടായത്. 1985–ൽ ഈ നിയമം ഭേദഗതിയ്ക്കായി വരുമ്പോൾ അതിൻെറ ഒബ്ജക്ട്സ് ആൻറ് റീസൺസിൽ പറഞ്ഞിരുന്നത്.

Violation of the provisions of the Act by the fishing vessels result in clashes between the traditional fisherman and the person using mechanised boats in the sea, causing law and order problems. Hence, it has been the endeavour on the part of Government to enforce the provisions of the Act effectively. But the desired effect could not be achieved and violations of law and order still occurred. Therefore, it was considered necessary to amend the Act to enhance the penalty by prescribing a minimum penalty of Rs. 25,000 എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ത്തന്ന് നിയമനിർമ്മാണം കഴിഞ്ഞു. ആ നിയമനിർമ്മാണത്തിന്റെ ഒരുദ്ദേശം കടലിലെ ക്രമസമാധാനം നിലനിറുത്തുന്നതിനുവേണ്ടിയുള്ള ഉദ്ദേശത്തോടുകൂടി നടപടികളും സ്വീകരിക്കുകയെന്നുള്ളതായിരുന്നു. അഞ്ചു വർഷം കഴിഞ്ഞിട്ടും ക്രമസമാധാനം നിലനിറുത്തുവാൻ നമുക്ക് കഴിഞ്ഞില്ലായെന്നു കാണുമ്പോൾ വളരെ ഗൗരവമായി ഈ ഗവൺമെന്റ് അതിനെക്കുറിച്ച് ആലോചിക്കണം. നമ്മുടെ സമുദ്രങ്ങളും സംഘർഷത്തിന്റെയും സംഘട്ടനത്തിന്റെയും മേഖലയായി മാറാൻ നാം ഒരിക്കലും അനുവദിക്കരുത്. എന്തുകൊണ്ട് ഇത് നമുക്ക് നിലനിറുത്തുവാൻ കഴിയുന്നില്ല? അതിലേയ്ക്ക് വരുമ്പോൾ ഒരു വസ്തുത ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. നമുക്ക് ഇതിന്റെ നോട്ടിഫിക്കേഷൻ തന്നിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത്

In exercise of the powers conferred in clause (h) of Sec. 2 of the Kerala Marine Fishing Regulation Act എന്നുപറഞ്ഞിട്ട്

The Government of Kerala hereby specified the area from the shore up to 20 fathams line in the sea along the coastline of the state from Kollamcode to Edva for a length of 78 kms. and area up to 10 fathams line in the sea along the coastline from Parur south to Manjeswaram for a length of 502 kms.

ഇതെങ്ങനെയാണ് കണ്ടുപിടിക്കുന്നത്? ടെൻ ഫാതംസ്, ടൊൻറി ഫാതംസ് എന്നൊക്കെ എങ്ങനെയാണ് നിർണ്ണയിക്കുന്നത്? അതിനെന്തെങ്കിലും മാർഗ്ഗങ്ങളുണ്ടോ? അത് കണ്ടുപിടിക്കാൻ ഗവൺമെന്റ് എന്ത് നടപടികളും സ്വീകരിച്ചുവെന്നാണ് ചോദിക്കുന്നത്. അത് കണ്ടുപിടിക്കുവാൻ യന്ത്രങ്ങളുണ്ടോ? അതിനുള്ള ഏർപ്പാടുകളുണ്ടോ? ഇതൊക്കെ ഊഹിച്ചു പറഞ്ഞാൽപോര. ഒരു കൂട്ടർ പറയും, ടെൻ ഫാതംസിന് ഇപ്പുറമെന്ന്, മറെറാരു കൂട്ടർ പറയും ടെൻ ഫാതംസിന് അപ്പുറമെന്ന്. ഇത് കണ്ടുപിടിക്കാനുള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. അതാണ് സംഘർഷവും ഏറ്റുമുട്ടലുമൊക്കെ ഉണ്ടാകുന്നത്. ഇതൊക്കെ ഒഴിവാക്കുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമനിർമ്മാണം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്തതുകൊണ്ടാണ് നമുക്ക് ഇതൊക്കെ വരുന്നത്. അതുകൊണ്ട് ഗവൺമെന്റ് അക്കാര്യത്തെക്കുറിച്ച് ആലോചിക്കണം. അഞ്ചാം വർഷത്തിൽ ഇതിനെക്കുറിച്ച് ഒരു ഭേദഗതി കൊണ്ടുവന്നപ്പോൾ ഗവൺമെന്റുതന്നെ സമ്മതിക്കുന്നു, ക്രമസമാധാനം നിലനിറുത്താൻ കഴിഞ്ഞിട്ടില്ലെന്ന്. നമ്മുടെ നിയമനിർമ്മാണത്തിന്റെ ഉദ്ദേശത്തിലൊന്ന് അതായിരുന്നു. രണ്ടാമതായി, മൽസ്യബന്ധനത്തിനോ, മൽസ്യം പ്രിസർവ്വ് ചെയ്യാനോ, ശാസ്ത്രീയമായ രീതിയിൽ മൽസ്യം വളർത്താനോ, സംരക്ഷിക്കുവാനോ ഉള്ള നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. അതിനുവേണ്ടി ഒന്നും ചെയ്തിട്ടില്ല. മൽസ്യബന്ധനത്തിന്റെ കണക്കുകളും സഹിതം ഇവിടെ പറഞ്ഞു. ഓരോ വർഷവും നമ്മുടെ മൽസ്യത്തിന്റെ ലാൻറിംഗ് കുറഞ്ഞു കുറഞ്ഞു വരുന്നുവെന്നു പറഞ്ഞു. ഇതിന് ഒരു ഹോളിഡേ നമുക്ക് വേണ്ടിവരും. കാരണം, അമിതമായ മൽസ്യബന്ധനം കൊണ്ട് ചിലപ്പോൾ മൽസ്യം കുറഞ്ഞുവെന്നു വരാം. അതൊഴിവാക്കുന്നതിനുവേണ്ടി ചില സമയത്ത് holiday in fishing എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് ആലോചിച്ചുകൂടേ? അത് നടപ്പിലാക്കുവാനുള്ള ഒരു ശ്രമം നടത്താൻ കഴിയില്ലേ? എനിക്ക് തോന്നുന്നു, കർണ്ണാടകയിൽ ഈ സമ്പ്രദായമുണ്ടെന്ന്. തമിഴ്നാട്ടിൽ ഈ സംഘർഷം ഒഴിവാക്കുന്നതിനെ സംബന്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly

മറൊരേർപ്പാടുണ്ട്. അതിനുവേണ്ടി അവിടത്തെ ഗവൺമെൻറ് ആലോചിച്ച് ചില ദിവസങ്ങളിൽ ഒരു വിഭാഗത്തിന് ഹോളിഡേ വരും, മറു ചില ദിവസങ്ങളിൽ മറൊരുവിഭാഗത്തിന് ഹോളിഡേ വരും. കാരണം, ഒരുമിച്ച് കടലിൽ വന്നാലുണ്ടാകാവുന്ന സംഘട്ടനങ്ങളും സംഘർഷങ്ങളുമെന്നിട്ട് അങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിച്ചു. ഏതായാലും അഞ്ചുവർഷം കഴിഞ്ഞ് രണ്ടാമതൊരു ഭേദഗതി കൊണ്ടുവരുന്ന അവസരത്തിൽ വളരെ സദുദ്ദേശത്തോടുകൂടി കൊണ്ടുവന്ന നിയമനിർമ്മാണം നമ്മുടെ മൽസ്യസമ്പത്ത് പരമാവധി ചൂഷണം ചെയ്തു നമ്മുടെ സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ കൊണ്ടുവരുമ്പോഴും ഈ വക കാര്യങ്ങളെക്കുറിച്ച് ആലോചിക്കണം. മറൊരുകാര്യം ഞാൻ പറയാം. ഇവിടെ ശിക്ഷ ആവശ്യമാണ്. Detterrent punishment ആവശ്യമാണ്. പക്ഷേ ഒരാളുടെ subjective satisfaction—ന് മാത്രമായി വിട്ടുകൊടുക്കരുത്. അതാണ് ഞാൻ പറഞ്ഞത് ഫാതമിന്റെ മുഖം കണ്ടാക്കുന്നതെങ്ങനെയാണെന്ന്. മറൊരുകാര്യം ഞാൻ പറയുമ്പോഴേ പിൻതിരിപ്പനായിപ്പോകാം. ലൈസൻസ് ഫീസ് അൻപതുരൂപയാണെന്ന് പറഞ്ഞു. അങ്ങനെ രജിസ്ട്രേഷൻ ഫീസ് അടയ്ക്കാൻ മറന്നുപോയാൽ അയ്യായിരം രൂപ കൊടുക്കണമെന്നാണ്. അതൊട്ടും പൊരുത്തമില്ലാത്ത കാര്യമാണ്. Notified area യിലേക്ക് പോകുന്ന കാര്യമല്ല പറഞ്ഞത്. രജിസ്ട്രേഷന്റെ കാര്യത്തിൽ മാത്രമാണ് പറയുന്നത്. അതുകൊണ്ട് കർക്കശമായ ശിക്ഷ നടപ്പിലാക്കാൻ ശ്രമിക്കുന്നതോടൊപ്പംതന്നെ സംഘർഷത്തിന്റെ സാഹചര്യങ്ങളും ഒഴിവാക്കാൻ ഗവൺമെൻറ് ബോധപൂർവ്വം പരിശ്രമിക്കുകയും ചെയ്യണം. നമ്മുടെ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനു, സമൂഹത്തിന് പ്രയോജനപ്പെടുത്തുന്ന രീതിയിൽ നിയമം നടപ്പിലാക്കുവാൻ ഗവൺമെൻറ് പരമാവധി പരിശ്രമിക്കണമെന്നു പറഞ്ഞുകൊണ്ട് ഇതിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, മൂന്നാം വായനയിൽ ഈ ബില്ല് നടപ്പിലാക്കുമ്പോഴേ ഉൽഭവിക്കാനിടയുള്ള ഒന്നുരണ്ട് പ്രശ്നങ്ങളെ മാത്രമേ സഭയുടെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. ഇപ്പോഴേ പത്തു കി. മീറ്ററാണ് അളവ് വച്ചിരിക്കുന്നത്. ഇത് അളക്കുവാനും പരിശോധിക്കുവാനുമുള്ള ഇന്നത്തെ മെഷിനറി എന്താണ്? ആഴത്തെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായ രണ്ട് മുഖങ്ങളുണ്ട്. മലബാർ ഭാഗം തെക്കൻ ഭാഗത്തുനിന്നും വ്യത്യസ്തമാണ്. നമ്മുടെ പ്രദേശത്തുള്ള പരമ്പരാഗത മൽസ്യത്തൊഴിലാളികളും ഏഴും എട്ടും ഗ്രൂപ്പുകളായി ചേർന്നുള്ള ബോട്ടുകാരാണ്. കാറ്റും കോളുമുണ്ടായാൽ മൂന്നുനാലു കി. മീറ്റർ വ്യവസ്ഥയ്ക്കപ്പുറം ഒഴുകിപ്പോകുന്നു. സ്വാഭാവികമായി എന്താണ് സംഭവിക്കുക? അങ്ങനെ വന്നുകഴിഞ്ഞാൽ വേണമെങ്കിൽ ഈ നിയമപ്രകാരം അവരെ ശിക്ഷിക്കാം. ഇതിനൊക്കെ കൂടുതികൊടുക്കാൻ പോകുന്നതാരെയാണ്? അതുകൊണ്ട് ഈ നിയമം വെള്ളത്തിലെ വരപോലെയാകാൻ പാടില്ല. ഈ നിയമം നടപ്പിലാക്കുന്നത് പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കുവേണ്ടിയാണെങ്കിൽ അതിനുള്ള മെഷിനറി വേണം. ഇന്നത്തെ സ്ഥിതിയെന്താണ്? എറണാകുളംവരെ നോക്കിയാൽ ഒരു സ്പീഡ് ബോട്ടാണ്. വടക്കൻ മേഖലയ്ക്ക് ഒരു സ്പീഡ് ബോട്ടാണ്. നമ്മുടെ നാട്ടിലെ കടലോരങ്ങളിൽ റസ്ക്യൂ ഓപ്പറേഷനു വേണ്ടി സ്പീഡു ബോട്ടും മറു മെഷിനറിയുമൊക്കെ വേണം. ഇതൊക്കെ എത്രയോ കൊല്ലങ്ങളായി ആവശ്യപ്പെടുന്നു. ഇതുവരെ അതിനുള്ള മെഷിനറി ഉണ്ടാക്കാൻ കഴിഞ്ഞില്ല. ഈ നിയമം നടപ്പിലാക്കാനുള്ള ഒരു മെഷിനറിയും ഈ ഗവൺമെൻറ് ഉണ്ടാക്കിയിട്ടില്ല. സ്പീഡ് ബോട്ടുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

ക്കണം, അതിനുള്ള മെഷിനറി ഉണ്ടാക്കണം. പാവപ്പെട്ട ബോട്ടുകാരായിരിക്കും ഇതിൽ അകപ്പെടാൻ പോകുന്നത്. അവർ ഇരുപത്തയ്യായിരം രൂപ കൊടുക്കണം. പാവപ്പെട്ട ബോട്ടുകാരെ പിഴിയേണ്ട സ്ഥിതിവരും. കാരണം, സ്പീഡ് ബോട്ടില്ല, ഉദ്യോഗസ്ഥൻമാരില്ല. അവർക്ക് ബോട്ടു കൊടുക്കും. ബോട്ടു പരിശോധന പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ കണ്ണിൽ കിട്ടുന്നവരെ പിടിക്കാൻ നോക്കും. അങ്ങനെ പിടിക്കുന്നത് പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ ഗ്രൂപ്പുകളെയാണ്. വമ്പൻമാർ ഇതിൽനിന്ന് രക്ഷപ്പെടും. ഈ നിയമം കണ്ണിൽ എണ്ണയുമൊഴിച്ച് കാത്തിരുന്ന് സൂക്ഷിക്കാതെയാണ് നടപ്പിലാക്കാൻ പോകുന്നതെങ്കിൽ, ജാഗ്രതയോടുകൂടി നടപ്പിലാക്കിയില്ലെങ്കിൽ പരമ്പരാഗത മൽസ്യത്തൊഴിലാളികളിൽനിന്നു ഇപ്പോഴും ബോട്ടിലേയ്ക്ക് പോയിട്ടുള്ള ഗ്രൂപ്പുകാർ മുഴുവൻ നിഷ്ക്കാസനം ചെയ്യപ്പെടുകയും സമ്പന്നരായ ബോട്ടുടമസ്ഥർ ഈ മേഖലയിൽ പച്ചപിടിക്കുന്ന സ്ഥിതിയിലേയ്ക്ക് പോവുകയും ചെയ്യും. അതുകൊണ്ട് ഇതിനുള്ള മെഷിനറി ഉണ്ടാക്കണം. കടലിൽ ഒരു ചെറിയ കഷ്ണം കായം കൊണ്ടിട്ടാൽ കടലിലെ വെള്ളത്തിന് കായത്തിന്റെ മണമുണ്ടാകുകയില്ല. ഗവൺമെന്റിന്റെ ദുഃസ്ഥിതിയോർക്കുമ്പോൾ ഈ ഗവൺമെന്റിന്റെ ഏർപ്പാടതാണ്. ചെറിയ കഷ്ണം കായം കടലിലിട്ട് മണമുണ്ടാക്കാൻ ശ്രമിക്കുന്നു. അങ്ങനെയുള്ള ഈ നിയമം പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെയും ചെറുകിട മൽസ്യത്തൊഴിലാളികളുടെയും മുമ്പിൽ ഉള്ള ഒരു വാളായി മാറുമെന്ന് ഞാൻ ഭയപ്പെടുന്നു. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ ശ്രദ്ധിക്കണമെന്ന് ഞാൻ പറയുകയാണ്.

ശ്രീ. വി. ദിനകരൻ: സർ, ഈ നിയമം ഭേദഗതി ചെയ്യാനുള്ള അധികാരത്തെക്കുറിച്ചും അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ചുമൊക്കെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ശ്രമമുണ്ടായി. എന്നാൽ ഉദ്ദിഷ്ട ഫലം കിട്ടാതെയിരിക്കുകയും ക്രമസമാധാനലംഘനം ഉണ്ടാകുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ഈ നിയമത്തിനാവശ്യമായ കർക്കശമായ ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. ഇതിൽ പ്രധാനമായിട്ടുള്ളത് ബോട്ടിൽ പിടിക്കുന്ന മൽസ്യത്തിന് ആയിരം രൂപയിൽ കൂടുതലുണ്ടെങ്കിൽ അതിന് അഞ്ചിരട്ടി അതായത്, അയ്യായിരം രൂപ കൊടുക്കണം. അതുപോലെ ബോട്ടു പിടിച്ചുകഴിഞ്ഞാൽ ശിക്ഷയായിട്ട് ഇരുപത്തയ്യായിരം രൂപ മുതൽ അൻപതിനായിരം രൂപവരെ കൊടുക്കണം. ഇത് മുമ്പില്ലായിരുന്നു. രണ്ടാമത്തെ തവണ പിടിച്ചുകഴിഞ്ഞാൽ ബോട്ട് പിടിച്ചെടുത്ത് ലേലംചെയ്തത് ഗവൺമെന്റിന് മുതൽക്കൂട്ടുവാനുള്ള ഒരു സാഹചര്യമുണ്ടാക്കിയിട്ടുണ്ട്. കേരളത്തിലെ ഏറ്റവും പ്രധാനമായിട്ടുള്ള പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യമാണിത്. ബോട്ടുകൾ പരിധി ലംഘിച്ചാൽ അവയെ പിടിക്കുന്നില്ല, അഥവാ പിടിച്ചാൽത്തന്നെ നാമമാത്രമായ ശിക്ഷയാണ് കൊടുക്കുന്നതെന്ന് പറയുകയുണ്ടായി. എന്നാൽ ബോട്ടുമുതലാളിമാർ സംഘടിതരായി ഇതിനെ എതിർത്തതുകൊണ്ട് അതിന്റെ ചില പരിഷ്കരണങ്ങളാണ് ഈ സഭയിൽ തന്നെ മുഴങ്ങിക്കേട്ടത്. അൻപതു രൂപ ലൈസൻസ് ഫീസായി കൊടുക്കണമെന്ന് പറഞ്ഞു. അതു കൊടുത്തില്ലെങ്കിൽ ബോട്ടു പിടിക്കുമെന്നും പറഞ്ഞു. മുമ്പ് ലൈസൻസിപ്പോലെയാണ് കടലിൽ ബോട്ടു പ്രവർത്തിച്ചിരുന്നത്. ആ ബോട്ടുകൾക്കു ലൈസൻസും പോലും എടുക്കാതെ ഈ രാജ്യത്തെ പരമ്പരാഗത മൽസ്യത്തൊഴിലാളികളെ നശിപ്പിച്ചിരിക്കുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു എങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ആ ലൈസൻസ് എടുക്കാത്ത ബോട്ടുകളെ ശിക്ഷയ്ക്ക് വിധേയമാക്കി ഇരുപത്തയ്യായിരം രൂപയും അൻപതിനായിരം രൂപയുമൊക്കെ ശിക്ഷിക്കണമെന്നുള്ള പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ അഭിപ്രായം കൊണ്ടാണ് ഈ ഭേദഗതി ഇവിടെ വന്നിട്ടുള്ളത്. അതുപോലെ ബോട്ടു പിടിച്ചെടുത്തുകഴിഞ്ഞ് ലേലം ചെയ്തു മുതൽകൂട്ടുന്നത് ഈ മൽസ്യത്തൊഴിലാളികൾക്കുകൂടി വേണ്ടിയാണ്. പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇത് ഏറ്റവും ഫലപ്രദമായി മുൻ ഗവൺമെൻറ് കൊണ്ടുവന്ന പഴുതുകളെ അടയ്ക്കാൻവേണ്ടി ബോധപൂർവ്വം കരുണാകരൻ ഗവൺമെൻറ് കൊണ്ടുവന്ന ഒരു ഭേദഗതിയാണിതെന്നു പറയാൻ ഞാനീ യവസരം ഉപയോഗിക്കുകയാണ്.

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, സ്പീഡ് ബോട്ടില്ലെന്ന് ശ്രീ. എ. സി. ഷൺമുഖദാസ് പറഞ്ഞത് ശരിയല്ല. സ്പീഡ് ബോട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് പോലീസ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരുണ്ട്. ഷൊല്ലങ്കോട്, പരവൂർ, പുഴിക്കര ഇവിടങ്ങളിൽ ഏകദേശം മുപ്പതു മീറ്റർ depth ആണ് കണക്കാക്കിയിട്ടുള്ളത്. അതുപോലെ കാസർകോഡ് വരെ ഇരുപത് മീറ്റർ ആണ് ആഴം കണക്കാക്കിയിട്ടുള്ളത്.

1986-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (2-ാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പാസ്സായി.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂലായ് 30-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 8.03-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly